# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 നവംബർ 9 | ദീപം 56 | നാളം 35 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# ജാതിരാഷ്ട്രീയം വിചാരണ ചെയ്യപ്പെടുമ്പോൾ






ഡിജോ കാപ്പൻ

കഴിഞ്ഞ പത്തുവർഷമായി കത്തോലിക്കാസഭയെ ഊർജസ്വലമായും ശുഭാപ്തിവിശ്വാസത്തോടെയും നയിക്കുന്ന പരിശുദ്ധ ഫ്രാൻസീസ് പാപ്പാ ലോകജനതയോടും നേതാക്കളോടും ഏറ്റവുമധികം ആഹ്വാനം ചെയ്തിട്ടുള്ളത് സമത്വത്തിനും സാഹോദര്യത്തിനുംവേണ്ടിയാണ്. എല്ലാവർക്കും ഒരുപോലെ അവകാശപ്പെട്ട ഭൂമി എന്ന പൊതുഭവനത്തിലെ നന്മകൾ അനുഭവിക്കുന്നതിലെ സമത്വമില്ലായ്മയുടെ വേദന നിഴലിക്കാതെ പാപ്പായുടെ ഒരു പ്രബോധനവും അവസാനിക്കുന്നില്ല. മാർപാപ്പായുടെ ഓരോ ഉദ്ബോധനത്തിലും മുഴങ്ങിനില്ക്കുന്ന ഘടകങ്ങൾ കരുണ, അനുകമ്പ, ദയ എന്നിവയാണ്. നൂറ്റാണ്ടുകളല്ല, സഹസ്രാബ്ദങ്ങൾതന്നെ ജാതിവ്യവസ്ഥയ്ക്കു കീഴിലെ ജനാധിപത്യവിരുദ്ധ അന്തരീക്ഷത്തിൽ കഴിഞ്ഞ സമൂഹമാണ് ഇന്ത്യയിലേത്. ആധുനിക ഇന്ത്യൻ സമൂഹത്തിലും ജാതിയും അതിന്റെ ഭാഗമായ അസമത്വവും സാമൂഹികാനീതിയും ഇപ്പോഴും ഒരു പ്രധാന വിഷയംതന്നെയാണ്.

ഇന്ത്യയിൽ മൂവായിരത്തോളം ജാതികളും ഇരുപത്തിയയ്യായിരത്തോളം ഉപജാതികളുമുണ്ട്. അവ ഓരോന്നും ഓരോ തൊഴിലുമായി ബന്ധപ്പെട്ടിരിക്കുന്നു. ജനങ്ങളെ അവരുടെ തൊഴിലുമായി ബന്ധപ്പെട്ടു നാലായി തരംതിരിക്കുന്ന രീതിയാണ് ഹിന്ദുമതത്തിലെ വേദങ്ങളും മനുസ്മൃതിയും മറ്റും അനുശാസിച്ചിരുന്നത്. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നീ നാലു വിഭാഗങ്ങളെയാണ് ചാതുർവർണ്യം എന്നു പറയുന്നത്. ഋഗ്വേദത്തിലെ പുരുഷസൂക്തത്തിൽ പറയുന്നതനുസരിച്ച്, ബ്രാഹ്മണർ ബ്രഹ്മാവിന്റെ വായിൽനിന്നും, ക്ഷത്രിയൻ കൈകളിൽനിന്നും, വൈശ്യർ തുടകളിൽനിന്നും, ശൂദ്രർ പാദത്തിൽനിന്നും വന്നവരാണ്. ബ്രാഹ്മണൻ- പുരോഹിതൻ, വൈദ്യൻ അധ്യാപകൻ, പണ്ഡിതൻ; ക്ഷത്രിയൻ-യോദ്ധാവ്, ഭരണാധികാരി; വൈശ്യർ-വ്യാപാരികൾ, ബിസിനസുകാർ, കർഷകർ; ശൂദ്രർ-തൊഴിലാളികൾ, മറ്റു മൂന്നു വർണക്കാർക്കു സേവനം ചെയ്യുന്നവർ എന്നിങ്ങനെയായിരുന്നു തൊഴിൽപരമായ തരംതിരിവുകൾ.

ഈ നാലു പാളിയിലും ഉൾപ്പെടാതെ പുറംതള്ളപ്പെട്ടവരായിരുന്നു ദളിതർ (പട്ടികജാതി, പട്ടികവർഗം) എന്നറിയപ്പെടുന്ന അയിത്തം കല്പിക്കപ്പെട്ട ജാതിക്കാർ. ചാതുർവർണ്യത്തിൽ ഏറ്റവും താഴത്തെ തട്ടിൽ കണക്കാക്കപ്പെട്ട ശൂദ്രർ ജാതിശ്രേണിയിലെ സവർണർ ആയി എണ്ണപ്പെട്ടിരുന്ന ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ എന്നിവരെക്കാൾ സാമൂഹികവും സാമ്പത്തികവുമായി വളരെയധികം പിന്നാക്കമായിരുന്നു. ചാതുർവർണ്യത്തിലെ വർണവ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്നത് തങ്ങളുടെ അധീശത്വം നിലനിർത്തുന്നതിനു സഹായകരമാണെന്നു കരുതിയ ബ്രിട്ടീഷുകാർ 1860 നും 1920 നും ഇടയിൽ ഇന്ത്യയിലെ അവരുടെ ഭരണസംവിധാനത്തിന്റെ ഭാഗമാക്കി ഈ സമ്പ്രദായത്തെ മാറ്റിയിരുന്നു. ഭരണപരമായ ജോലികളും ഉയർന്ന നിയമനങ്ങളും സവർണർക്കുമാത്രമായി നൽകി. ബ്രിട്ടീഷുകാർക്രൈസ്തവരെസവർണർക്കൊപ്പം പരിഗണിച്ചിരുന്നു.

ബ്രിട്ടീഷ് ഇന്ത്യയിൽ നിലനിന്നിരുന്ന സാമൂഹികാനീതിക്കെതിരേ കീഴ്ത്തട്ടിലുള്ള ജനങ്ങൾ 1920 കളിൽ ശക്തമായ പ്രക്ഷോഭം സംഘടിപ്പിച്ചു. അതേത്തുടർന്ന്, കൊളോണിയൽഭരണകൂടം കീഴ്ജാതിക്കാർക്കു സർക്കാർ ജോലികളിൽ നിശ്ചിതശതമാനം സംവരണം ചെയ്തു. 1948 ൽ ജാതിയുടെ അടിസ്ഥാനത്തിലുള്ള വിവേചനം നിയമംമൂലം നിരോധിച്ചു. മാത്രമല്ല, ചരിത്രപരമായി പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ഉന്നമനത്തിനായി സംവരണം ഭരണഘടനയുടെ ഭാഗമാക്കുകയും ചെയ്തു. എങ്കിലും, ഇന്ത്യൻ സമൂഹത്തിൽ സവർണാധിപത്യവും ജാതിചിന്തയും വിവേചനവും അസമത്വവും നിലനിന്നു.

സ്വാതന്ത്ര്യത്തിനുശേഷം പട്ടികജാതി പട്ടികവർഗക്കാർക്കു നിശ്ചിതശതമാനം സംവരണം നടപ്പാക്കിയെങ്കിലും മറ്റു പിന്നാക്കവിഭാഗങ്ങളും വളരെയധികം വിവേചനമനുഭവിച്ചു. ഇതേക്കുറിച്ചു പഠിക്കുന്നതിന് 1979 ൽ മൊറാർജി ദേശായി പ്രധാനമന്ത്രിയായിരിക്കുമ്പോൾ ബീഹാറിലെ മുഖ്യമന്ത്രിയായിരുന്ന ബിന്ദേശ്വരി പ്രസാദ് മണ്ഡൽ അധ്യക്ഷനായി ഒരു കമ്മീഷനെ നിയോഗിച്ചു. കമ്മീഷന്റെ പഠനത്തിൽ ജാതിവ്യവസ്ഥയിൽ ഏറ്റവും താഴത്തെ വിഭാഗമായി കണക്കാക്കിയിരുന്ന ശൂദ്രവിഭാഗത്തിലെ പിന്നാക്കജനത ഇന്ത്യൻ ജനസംഖ്യയുടെ അമ്പത്തിരണ്ടു ശതമാനം വരുമെന്നും അവർ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും എല്ലാം വളരെ പിന്നിലാണെന്നും കണ്ടെത്തി. ആ അസമത്വത്തിന് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണാൻ മറ്റു പിന്നാക്കജാതിക്കാർക്കായി ഒബിസി എന്ന ഒരു പ്രത്യേക വർഗീകരണം നിർമിച്ചെടുക്കുകയും ഉദ്യോഗത്തിലും ഉന്നതവിദ്യാഭ്യാസത്തിലും 27 ശതമാനം സംവരണം ശിപാർശ ചെയ്യുകയും ചെയ്തു (1981 ഡിസംബർ 31).

എന്നാൽ, രാജ്യത്തെ സവർണവിഭാഗങ്ങൾ അതിനെ ശക്തമായി എതിർത്തു; വലിയ കലാപങ്ങൾ സൃഷ്ടിച്ചു. 1990 ഓഗസ്റ്റ് 7ന് മണ്ഡൽകമ്മീഷൻ റിപ്പോർട്ടു നടപ്പാക്കാനുള്ള തീരുമാനം പ്രധാനമന്ത്രിയായിരുന്ന വി.പി. സിങ് പ്രഖ്യാപിച്ചു. ജാതിയുടെ പേരിൽ ഹൈന്ദവജനതയ്ക്കിടയിൽത്തന്നെയുണ്ടായ വിഭജനം ആർഎസ്എസിന്റെയും ബിജെപിയുടെയും രാഷ്ട്രീയാധികാരപ്രതീക്ഷകളെയാണ് ദോഷകരമായി ബാധിച്ചത്. ജാതിയുടെ അടിസ്ഥാനത്തിലുള്ള 'സ്വത്വബോധം' ഉണ്ടായാൽമാത്രമേ ആർഎസ്എസിന് അതിന്റെ രാഷ്ട്രീയവിഭാഗമായ ബിജെപിയെ അധികാരത്തിൽ കൊണ്ടുവരാൻ കഴിയൂ.

മണ്ഡൽ കമ്മീഷൻ റിപ്പോർട്ടുമൂലംഹിന്ദുക്കൾക്കിടയിലുണ്ടായ ജാതിവിഭജനചിന്തയെ മറികടക്കാൻ ഹൈന്ദവേതരമതസ്ഥർക്കെതിരായി വികാരം സൃഷ്ടിക്കാനുള്ള സംഘപരിവാർശ്രമം അയോധ്യയിലെ ബാബറി മസ്ജിദ് പ്രശ്നത്തിൽ തുടങ്ങി എത്രയോ ഹിന്ദു-മുസ്ലീം വർഗീയസംഘർഷങ്ങൾക്കിടയാക്കിയെന്നു നാം കണ്ടതാണ്.

▸12

# അധ്യാപനം തൊഴിലല്ല, വിശുദ്ധമായ ഒരു ദൗത്യമാണ്

**എൺപതിന്റെ നിറവിലെത്തിയ പ്രമുഖചിന്തകനും വിദ്യാഭ്യാസപ്രവർത്തകനും മഹാത്മാഗാന്ധി സർവകലാശാല മുൻവൈസ് ചാൻസലറും സർവോപരി, തികഞ്ഞ ഗാന്ധിയനുമായ ഡോ. സിറിയക് തോമസുമായി പാലാ സെന്റ് തോമസ് കോളജ് വിദ്യാർഥികളായ ലിഡ ജോൺസൺ, മരിയ ലൂക്കോസ്, നിമ്മി ട്രീസാ സിബി, ജോസ് പി. ജോബി, ഫാ. ജെയിംസ് ചൊവ്വേലിക്കുടിയിൽ എന്നിവർ നടത്തിയ അഭിമുഖം.**

◆ ഇന്ത്യയുടെ സ്വാതന്ത്ര്യസമരചരിത്രത്തിൽ നിർണായകസംഭാവനകൾ നല്കിയ ഒരു കുടുംബത്തിലെ അംഗം എന്ന നിലയിൽ, ഒരു ഗാന്ധിയൻ ജീവിതശൈലി രൂപപ്പെടുത്തിയെടുക്കുന്നതിൽ അത് എത്രത്തോളം അങ്ങയെ സ്വാധീനിച്ചു?

◈ എന്റെ മാതാപിതാക്കൾ (ആർ. വി. തോമസ്, ഏലിക്കുട്ടി തോമസ്) അന്നത്തെ സ്റ്റേറ്റ് കോൺഗ്രസ് അംഗങ്ങളായിരുന്നു. അക്കാലത്തെ പ്രമുഖ നേതാക്കന്മാരായ പട്ടംതാണുപിള്ള, അക്കാമ്മ ചെറിയാൻ, ടി.എം. വർഗീസ് തുടങ്ങിയവരുടെ വാത്സല്യത്തിന്റെ ചിത്രം ഇപ്പോഴും എന്റെ മനസ്സിലുണ്ട്. പ്രൈമറി സ്കൂൾ കാലഘട്ടംമുതൽ സമരമുഖങ്ങളുടെ വീറും ആവേശവും കണ്ടുവളർന്ന ഞാൻ, പലപ്പോഴും അർഥമറിയാതെയാണ് 'സർ സി. പി. ഗോ ബാക്ക്!' മുതലായ മുദ്രാവാക്യങ്ങൾ ഏറ്റുവിളിച്ചിരുന്നത്. വീട്ടിൽ ആൺകുട്ടികൾ ഖദർകുപ്പായമാണു ധരിച്ചിരുന്നത്. പിന്നീട് അതെന്റെ 'part of anatomy' ആയി മാറി.

◆ അധ്യാപകൻ, പ്രഭാഷകൻ, ഭരണാധികാരി, ഗ്രന്ഥകർത്താവ്, രാഷ്ട്രീയപ്രവർത്തകൻ എന്നിങ്ങനെ വിവിധ തലങ്ങളിൽ വ്യക്തിമുദ്രപതിപ്പിച്ചിട്ടുള്ള വ്യക്തിയാണ് സാർ. തിരിഞ്ഞുനോക്കുമ്പോൾ ഇവയിൽ ഏതു മേഖലയിലാണ് അങ്ങേക്ക് പൂർണ ആത്മസംതൃപ്തി ലഭിച്ചിട്ടുള്ളത്?

◈ അധ്യാപനംതന്നെ. തീർച്ചയായും. "For me, teaching is not a job, it's a mission." വർഷങ്ങൾക്കുശേഷവും ശിഷ്യന്മാരുമായി ഞാൻ ആത്മബന്ധം പുലർത്തിപ്പോരുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഒരു കുട്ടിയെ ക്ലാസിൽനിന്നു പുറത്താക്കുന്നത് അധ്യാപകന്റെ പരാജയമാണ്. അതിനാൽത്തന്നെ, കളങ്കമേശാത്ത ഒരു അധ്യാപനജീവിതമാണു നയിച്ചതെന്ന് അഭിമാനപൂർവം എനിക്കു പറയാൻ സാധിക്കും.

◆ വർഗീയത വർധിച്ചുവരുന്ന ഒരു കാലഘട്ടത്തിൽ ഗാന്ധിയൻ ആദർശങ്ങളുടെ പ്രസക്തിയെക്കുറിച്ചു സാറിന്റെ അഭിപ്രായം എന്താണ്?

◈ താനൊരു ഹിന്ദുവാണെന്നു കൂടക്കൂടെ പറഞ്ഞിരുന്ന ഗാന്ധിജി, ഇന്ത്യയുടെ ശക്തി വിവിധ മതങ്ങളുടെ ഐക്യത്തിലാണെന്നു വിശ്വസിച്ചിരുന്നു. അഴീക്കോട് മാസ്റ്റർ നിരന്തരം പറഞ്ഞിരുന്ന ഒരു കാര്യമാണ് 'ഡിസ്കവറി ഓഫ് ഇന്ത്യ' രചിച്ചത് നെഹ്റുവാണെങ്കിലും യഥാർഥത്തിൽ 'ഇന്ത്യയുടെ കണ്ടെത്തൽ' നടത്തിയത് ഗാന്ധിജിയാണെന്ന്. ഹിന്ദുവും മുസ്ലീമും ക്രിസ്ത്യനും സിക്കുകാരനും എല്ലാം ഐക്യത്തിൽ കഴിഞ്ഞെങ്കിലേ ഭാരതത്തിനു നിലനില്പുള്ളൂ എന്ന സത്യം അദ്ദേഹം ആദ്യമേ തിരിച്ചറിഞ്ഞു.



◆ അഴീക്കോട് മാഷുമായി ഒരു ആത്മബന്ധം സാറിനുണ്ടായിരുന്നല്ലോ. അദ്ദേഹത്തെപ്പറ്റിയുള്ള ഓർമകൾ എന്തെല്ലാമാണ്?

◈ അഴീക്കോട് മാസ്റ്ററിന്റെ പ്രസംഗങ്ങളുടെ ഒരു ആരാധകനായിരുന്നു ഞാൻ. പഠിച്ചുകൊണ്ടിരുന്ന കാലംമുതൽ കോട്ടയത്തും പൊൻകുന്നത്തും ഒക്കെ പോയി മാഷിന്റെ പ്രസംഗങ്ങൾ കേൾക്കുമായിരുന്നു. അങ്ങനെയിരിക്കേ ഒരുനാൾ അഴീക്കോട് മാസ്റ്റർ, സ്ഥിരമായി സമ്മേളനങ്ങളിൽ കാണാറുണ്ടല്ലോ എന്നു പറയുകയും എന്നെ പരിചയപ്പെടുകയും ചെയ്തു. കൂടാതെ, 1981 ൽ കോട്ടയത്ത് ഡി.സി. കിഴക്കേമുറിയുടെ നേതൃത്വത്തിൽ സുഗതകുമാരിറ്റീച്ചർ വൈസ് പ്രസിഡന്റും ഞാൻ ജനറൽ സെക്രട്ടറിയുമായി ഒരു അക്രമരഹിതസാംസ്കാരികവേദി രൂപീകരിക്കപ്പെട്ടപ്പോൾ അതിന്റെ നേതൃത്വനിരയിലേക്ക് അഴീക്കോട് മാസ്റ്ററിനെ ക്ഷണിക്കുകയും അദ്ദേഹം അതിന്റെ പ്രസിഡന്റായി വരികയും ചെയ്തു. അങ്ങനെ വർഷങ്ങളോളം കേരളത്തിലുടനീളം അഴീക്കോട് മാസ്റ്ററിനൊപ്പം സഞ്ചരിക്കാനും പതിനായിരത്തോളം പ്രസംഗങ്ങൾ കേൾക്കാനും എനിക്കു സാധിച്ചിട്ടുണ്ട്.

◆ വിദ്യാഭ്യാസകുടിയേറ്റത്തെക്കുറിച്ച് സാറിന്റെ കാഴ്ചപ്പാട് എന്താണ്?

◈ ഞാൻ അക്കാദമിക് ഫീൽഡിൽ ആക്ടീവായിരുന്ന കാലത്തു തൊഴിലവസരങ്ങൾ ലഭിച്ചിരുന്നത് മെറിറ്റിന്റെ അടിസ്ഥാനത്തിലായിരുന്നു. എന്നാൽ, ഇപ്പോളത് കൂടുതൽ രാഷ്ട്രീയ സ്വാധീനത്തിന്റെ പിടിയിലായി. വിദേശവിദ്യാഭ്യാസം അറിവുനേടുക എന്നതിനെക്കാൾ സാമ്പത്തികനേട്ടങ്ങൾക്കുവേണ്ടിമാത്രമായി. കൂടാതെ, ഇന്നത്തെ തലമുറ ഇവിടെയുള്ള അവസരങ്ങൾ വിനിയോഗിക്കുന്നതിൽ വിമുഖത പുലർത്തുന്നു. ഇവിടെ ചെയ്യാൻ മടിയുള്ള ജോലികൾ വിദേശത്തുപോയി ചെയ്യുന്നതിൽ താത്പര്യം പുലർത്തുന്ന ഒരു തലമുറയെ കാണുന്നു. ഒരു പരിധിവരെ വിദേശവിദ്യാഭ്യാസത്തെ ഞാൻ അനുകൂലിക്കുന്നു. പക്ഷേ, ധനസമ്പാദനംമാത്രമായി ജീവിതലക്ഷ്യം ഒതുങ്ങിക്കൂടി സ്വാർഥരായി, ആഡംബരപ്രിയരായി യുവാക്കൾ മാറരുത്.

◆ ഒരു പ്രഭാഷകൻ എന്ന നിലയിൽ സാർ വളരെയധികം അറിയപ്പെടുന്ന ഒരു വ്യക്തിയാണല്ലോ. പ്രസംഗകലയിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള സാറിനെ ഏറ്റവും കൂടുതൽ സ്വാധീനിച്ചിട്ടുള്ള പ്രസംഗകർ ആരൊക്കെയാണ്?

◈ ഇംഗ്ലീഷ് പ്രസംഗങ്ങളിൽ എന്നെ ഏറ്റവും സ്വാധീനിച്ചത് രാജാജി (സി. രാജഗോപാലാചാരി) ആണ്. 1962 ൽ അദ്ദേഹം പാലാ കൊട്ടാരമറ്റത്ത് ഒരു പ്രസംഗം നടത്തുകയുണ്ടായി. കെ.എം. ചാണ്ടിസാറിനോടൊപ്പം ഞങ്ങൾ ചെറുപ്പക്കാരായ കുറച്ച് അധ്യാപകരും പ്രഭാഷണം കേൾക്കാനായി അവിടെ ഉണ്ടായിരുന്നു. രാജാജിയുടെ പ്രസംഗത്തോടു പൂർണനീതി പുലർത്തിയ തർജമ തത്സമയം അന്നു നൽകിയ കെ.എം. റോയിയും അവിസ്മരണീയമായ ഒരു ഓർമയാണ് സമ്മാനിച്ചത്. പ്രസംഗത്തിനുശേഷം കെ.എം. ചാണ്ടിസാർ പറഞ്ഞത് ഞാൻ ഓർക്കുന്നു: "Rajaji's speech was brilliant. Equally brilliant was Roy's translation" ഡോ. എസ്. രാധാകൃഷ്ണന്റെയും ഇംഗ്ലീഷ് പ്രസംഗങ്ങൾ എന്നെ സ്വാധീനിച്ചിട്ടുണ്ട്. മലയാളത്തിൽ അഴീക്കോട് മാഷിന്റെയും ജി. ശങ്കരക്കുറുപ്പിന്റെയും പ്രസംഗങ്ങളാണ് ഏറ്റവും പ്രിയപ്പെട്ടത്. ജി. ശങ്കരക്കുറുപ്പിന്റെ പ്രസംഗം തടസ്സമില്ലാത്ത ഒഴുക്കുപോലെയുള്ള 'ഗദ്യകവിത'യുടെ സൗന്ദര്യം നിറഞ്ഞതായിരുന്നു.

◆ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവുമായി വളരെ അടുത്തിടപഴകിയ വ്യക്തിയാണല്ലോ സാർ. അദ്ദേഹവുമൊത്തുള്ള അനുഭവങ്ങൾ പങ്കുവയ്ക്കാമോ?

◈ പാലാ സെന്റ് തോമസ് പ്രൈമറി സ്കൂൾ വിദ്യാർഥി ആയിരുന്നപ്പോൾമുതൽ വയലിൽ പിതാവുമായി അടുത്ത ബന്ധം ഉണ്ടായിരുന്നു. ക്ലാസിൽ കരഞ്ഞുകൊണ്ടിരുന്ന എന്നെ പഞ്ചസാര തന്ന് ആശ്വസിപ്പിച്ച വൈദികൻ കുറെവർഷങ്ങൾക്കുശേഷം പാലായുടെ പ്രഥമ മെത്രാനായി മാറി. എന്റെ ആദ്യത്തെ പുസ്തകമായ 'ബിഷപ് വയലിൽ: ഒരു കാലഘട്ടത്തിന്റ കഥ' പിതാവിന്റെ 31 വർഷത്തെ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. ഈ പുസ്തകത്തിന്റെ രചനയിൽ എന്നെ സഹായിക്കാൻ വയലിൽ പിതാവുതന്നെ മുൻകൈ എടുത്തതിന്റെ ഫലമായി ഏതാനും വാരാന്ത്യങ്ങൾ ഞാനും പിതാവും പീരുമേട്ടിലെ പാലാ ഭവനിലും മറ്റും താമസിച്ച് ഡയറിക്കുറിപ്പുകൾ വായിച്ചുതീർക്കുകയുണ്ടായി. അക്കാലത്തെ ഏറ്റവും മികച്ച പ്രഭാഷകന്മാരിൽ ഒരാളായിരുന്നു പിതാവ്. വിമോചനസമരമധ്യേ അങ്കമാലിയിൽ പൊലീസ് വെടിവയ്പിൽ ഏഴുപേർ രക്തസാക്ഷികളായി. അവരുടെ സംസ്കാരകർമങ്ങൾക്കിടയിൽ പിതാവ് നടത്തിയ പ്രഭാഷണം കേട്ട് നേതാവ് പനമ്പിള്ളി ഗോവിന്ദമേനോൻ പറഞ്ഞുവത്രേ: "ആളുകൾ ഇതുവരെ എന്നെ പറഞ്ഞുവിശ്വസിപ്പിച്ചതും ഞാൻ വിശ്വസിച്ചതും കേരളത്തിലെ ഒന്നാമത്തെ പ്രഭാഷകൻ ഞാനാണെന്നായിരുന്നു. എന്നാൽ, ഇന്ന് നിങ്ങളുടെ ഈ ബിഷപ് എന്നെ തോല്പിച്ചിരിക്കുന്നു."

◆ നമ്മുടെ ഇന്നത്തെ സമൂഹം നേരിടുന്ന വലിയ സാമൂഹികവിപത്തുകളിൽ ഒന്നാണല്ലോ വർധിച്ചുവരുന്ന ലഹരിയുടെ ഉപയോഗം. ഈ വിഷയത്തെ സർ എങ്ങനെയാണു നോക്കിക്കാണുന്നത്?

◈ അന്നും ഇന്നും സമൂഹത്തിന് വലിയൊരു ആപത്താണ് ലഹരി. പ്രത്യേകിച്ച്, നമ്മുടെ യുവാക്കളെ അതു സാരമായി ബാധിക്കുന്നു. പണ്ടുകാലത്ത് കോളജുകളിലൊക്കെ കള്ളുകുടിക്കുക എന്നതായിരുന്നു വലിയ ലഹരി എന്നു പറഞ്ഞിരുന്നത്. എന്നാൽ, ഇന്നു മയക്കുമരുന്നുകളും മറ്റു മാരകമായ ലഹരിവസ്തുക്കളും വ്യാപകമായ രീതിയിൽ നമ്മുടെ യുവാക്കളിൽ എത്തുന്ന സ്ഥിതിയാണുള്ളത്.

◆ വിദ്യാർഥികളോടുള്ള സാറിന്റെ മനോഭാവം എങ്ങനെയായിരുന്നു?

◈ എന്റെ മുന്നിലിരിക്കുന്ന കുട്ടികൾ ഒരിക്കലും ഒരേ തരക്കാരാണെന്നു ഞാൻ വിശ്വസിച്ചിരുന്നില്ല. അവരിൽ നന്നായിട്ടു പഠിക്കുന്നവരുണ്ടാകാം, നല്ല ഭരണാധികാരികളുണ്ടാകാം. നന്നായി വരയ്ക്കുന്നവരുണ്ടാകാം, നല്ല പ്രഭാഷകരുണ്ടാകാം. ബൈബിളിലെ താലന്തുകളുടെ ഉപമപോലെ ഓരോരുത്തർക്കും ഓരോ കഴിവുകളായിരിക്കും ഉണ്ടാവുക. കുട്ടികളിലുള്ള ഈ കഴിവുകളെ തിരിച്ചറിഞ്ഞ് അവരെ ശരിയായ വഴിക്കു നയിക്കേണ്ട ഉത്തരവാദിത്വമാണ് അധ്യാപകർക്കുള്ളത്.

◆ നിലവിലുള്ള വിദ്യാഭ്യാസരീതിയെക്കുറിച്ച് സാറിന്റെ അഭിപ്രായമെന്താണ്?

◈ വിദ്യാഭ്യാസപ്രക്രിയ അനുദിനം മാറിക്കൊണ്ടിരിക്കുകയാണ്. ലോകവും ശാസ്ത്രവും മാറ്റങ്ങൾക്കു വിധേയമാകുന്നതോടൊപ്പം അതിനനുസരിച്ചുള്ള വിദ്യാഭ്യാസമാണ് ഇന്ന് ആവശ്യം. കുട്ടികളോടൊപ്പംതന്നെ അധ്യാപകരും അനുദിനം പഠിക്കേണ്ടിയിരിക്കുന്നു. പുതിയ അറിവുകളെക്കുറിച്ച് ബോധവാന്മാരായെങ്കിലേ അധ്യാപകർക്ക് അവ തന്റെ മുന്നിലിരിക്കുന്ന വിദ്യാർഥികളെ പഠിപ്പിക്കാനാവൂ.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



വരൾച്ചയുടെ നാളുകളിൽ മഴക്കാറുപോലെ കഷ്ടതയിൽ കർത്താവിന്റെ കരുണ ആശ്വാസപ്രദമാണ്.

പ്രഭാഷകൻ 35:26

**എഡിറ്റോറിയൽ**

# കളമശേരിസ്ഫോടനം ഓർമിപ്പിക്കുന്നത്

സ്വച്ഛസുന്ദരകേരളം അക്ഷരാർഥത്തിൽ അരക്ഷിതാവസ്ഥയിലാണ്. ഭയാശങ്കകളുടെ നടുക്കളത്തിൽ പഞ്ചപുച്ഛമടക്കി ജീവിക്കാൻ മനുഷ്യൻ നിർബന്ധിതനാകുന്നു. കളമശേരി സ്ഫോടനക്കേസിന്റെ നാൾവഴികൾക്കപ്പുറം, പ്രസ്തുതസംഭവം വിളിച്ചറിയിക്കുന്ന മുന്നറിയിപ്പുകളിലേക്കാണ് സാംസ്കാരികകേരളം വിരൽചൂണ്ടേണ്ടതെന്നു തോന്നുന്നു. കേവലമൊരു കുടിലമാനസനോ വികലബുദ്ധിക്കോ അതിസാഹിസികനോ ഒരൊറ്റനിമിഷംകൊണ്ടു വിറപ്പിച്ചുനിർത്താൻമാത്രം നിഷ്ക്രിയമാണോ 'പ്രബുദ്ധകേരള'ത്തിന്റെ സുരക്ഷാസംവിധാനങ്ങളെന്നു മൂക്കത്തു വിരൽവച്ചു ചോദിച്ചുപോകുന്നു ഇന്നാട്ടിലെ സാധാരണജനം. സംസ്ഥാനത്തെ ഭരണകൂടമല്ലാതെ, ആഭ്യന്തരവകുപ്പുൾപ്പെടെ കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിയല്ലാതെ, കണ്ണിലെണ്ണയൊഴിച്ചു കാത്തിരിക്കുന്നുവെന്നു വിചാരിക്കുന്ന പോലീസും ഇന്റലിജൻസുമടക്കമുള്ള സുരക്ഷാസേനയല്ലാതെ മറ്റാരാണ് കളമശേരി സ്ഫോടനക്കേസിന്റെ യഥാർഥ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത്?

കൊച്ചി കളമശേരിയിലെ സമ്ര കൺവെൻഷൻ സെന്ററിൽ ഒക്ടോബർ 29 ഞായറാഴ്ചയുണ്ടായ സ്ഫോടനം കേരളത്തെയാകെ ഞെട്ടിക്കുന്നതായിരുന്നു. രണ്ടായിരത്തിലധികം പേർ പങ്കെടുത്തിരുന്ന യഹോവാസാക്ഷികളുടെ ത്രിദിനപ്രാർഥനാസമ്മേളനത്തിന്റെ അവസാനദിവസമായിരുന്നു നാടിനെ നടുക്കിയ സ്ഫോടനപരമ്പരയുണ്ടായത്. ഡൊമിനിക് മാർട്ടിൻ എന്ന ഒറ്റയാന്റെ കരുതിക്കൂട്ടിയുള്ള ചെയ്തിയാണെന്നു കുറ്റവാളിയുടെ വീഡിയോയും പൊലീസ് സ്റ്റേഷനിൽ കീഴടങ്ങിയുള്ള വെളിപ്പെടുത്തലും പൊലീസ് സ്ഥിരീകരിച്ചു ശരിവയ്ക്കുന്നു. ആശങ്കയ്ക്ക് അയവുണ്ടെങ്കിലും ദുരൂഹതയുടെ അവശേഷിപ്പുകൾ അങ്ങുമിങ്ങും മണക്കുന്നുണ്ടെന്നു പറയാതെവയ്യ.

മതതീവ്രവാദം തഴച്ചുവളരുന്ന സംസ്ഥാനത്ത്, സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ വർഗീയവിദ്വേഷബോംബുകൾ അണിയറയിൽ തകൃതിയായി നിർമിച്ചുകൊണ്ടിരിക്കെയാണ് പ്രതിയുടെ കുറ്റസമ്മതം പുറത്തുവന്നത്. ഒരർഥത്തിൽ ആ വെളിപ്പെടുത്തൽ കേരളത്തിനാശ്വാസമായി. ഒരു മതച്ചടങ്ങിനിടെയുണ്ടായ സ്ഫോടനമായതിനാൽ സംഭവത്തിന്റെ ഗൗരവവും വികാസവും പല മാനങ്ങളിലേക്കും കത്തിപ്പടരുക സ്വാഭാവികം. ഹമാസ്-ഇസ്രായേൽ സംഘർഷം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന വേളകൂടിയാകുമ്പോൾ പൊലീസ് അനുഭവിച്ച തലവേദന ഊഹിക്കാവുന്നതേയുള്ളൂ. കേരളത്തിലെ പ്രധാനസ്ഥലങ്ങളിലെല്ലാം അതിജാഗ്രതയോടെ പൊലീസ് അന്വേഷണത്തിലേർപ്പെട്ടു എന്നതും ശരിതന്നെ. അപ്പോഴും, കുറ്റസമ്മതം നടത്തിയതിന്റെ വീഡിയോ പ്രതിതന്നെ സമൂഹമാധ്യമത്തിലിട്ടത് നമ്മുടെ സൈബർപൊലീസ് അടക്കമുള്ളവർ കാണാതെ പോയത് കഷ്ടമെന്നല്ലാതെ എന്തുപറയാൻ?

പ്രതി ഡൊമിനിക് മാർട്ടിന്റെ വെളിപ്പെടുത്തലിൽ വായിക്കപ്പെടേണ്ട പല കാര്യങ്ങളുമുണ്ട്. ഒരു സംസ്ഥാനത്തെയാകെ ഒരു പകൽ മുഴുവൻ ഭയത്തിന്റെ മുൾമുനയിൽ നിറുത്തിയ പ്രതി യാതൊരു പേടിയോ കുറ്റബോധമോ മനഃസാക്ഷിക്കടിയോ ഇല്ലാതെയാണ് വീഡിയോയിൽ സംസാരിച്ചതെന്നോർക്കണം. പതിനാറുവർഷം യഹോവസാക്ഷികൾക്കൊപ്പമായിരുന്ന പ്രതിക്ക് ആറുവർഷംമുമ്പാണ് അതൊരു തെറ്റായ പ്രസ്ഥാനമാണെന്നും അതിന്റെ പ്രബോധനങ്ങൾ രാജ്യദ്രോഹപരമാണെന്നും തോന്നിത്തുടങ്ങിയത്. തിരുത്തണമെന്നു പല തവണ ആവശ്യപ്പെട്ടിട്ടും അവർ കൂട്ടാക്കാത്തതിന്റെ വൈരാഗ്യമാണ് പ്രകോപനപരമായ കൃത്യത്തിലേക്കു നയിച്ചത്. സ്ഫോടനം നടത്തിയ സാങ്കേതികവിദ്യ മറ്റുള്ളവർ അറിയാതിരിക്കാൻ ആരും ടെലികാസ്റ്റ് ചെയ്യരുതെന്നും അത് അപകടമാണെന്നും 'ഉപദേശി'ക്കാൻകൂടി മറന്നില്ല വീഡിയോയിൽ.

നമുക്കൊന്നും മനസ്സിലാകുന്നില്ല. സംശയമില്ല; വിദ്വേഷത്തിന്റെ ബോംബാണ് കളമശേരിയിൽ പൊട്ടിത്തെറിച്ചത്. പക്ഷേ, അഭിപ്രായവ്യത്യാസത്തിന്റെ പേരിൽ രണ്ടായിരത്തിലധികം വരുന്ന ഒരു മനുഷ്യക്കൂട്ടത്തെ കുരുതികൊടുക്കുകയെന്നത് നമുക്കാർക്കും ചിന്തിക്കാൻപോലുമാകില്ല. യൂട്യൂബിൽനോക്കി പരാശ്രയമൊന്നുമില്ലാതെ ഒറ്റയ്ക്കു ബോംബു നിർമിക്കുകയായിരുന്നുവെന്നാണു സ്ഫോടനം നടത്തിയ ആളിന്റെ വെളിപ്പെടുത്തൽ. യൂട്യൂബ് ഇത്തരം 'വിനാശപാഠ'ങ്ങൾ പഠിപ്പിക്കുന്നുണ്ടെങ്കിൽ, ഒട്ടും വൈകണ്ടാ, അവ സമൂലം നീക്കംചെയ്യാൻ സർക്കാരുകൾ ഇച്ഛാശക്തി കാണിക്കണം. മാത്രമല്ല, സൈബറിടങ്ങളിൽ നിന്ദ്യവും വിഷലിപ്തവുമായ സന്ദേശങ്ങൾ നിത്യേനയെന്നോണം പ്രചരിക്കുന്നതിനെതിരേ പ്രതിരോധം തീർക്കാനുള്ള ജാഗ്രതയിലേക്കാണ് നാം ഇനി വളരേണ്ടത്.

ഹിംസാത്മകമായ നരനായാട്ടു നടത്തി നാട്ടിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്നതു സമാധാനകാംക്ഷികളായ ആർക്കും സഹിക്കാൻ പറ്റുന്നതിനപ്പുറമാണ്. അത്രത്തോളംതന്നെ ഹീനമാണ് സ്പർധ പരത്തുന്ന വാക്കുകളിലൂടെയും എഴുത്തുകളിലൂടെയും, സമൂഹമാധ്യമങ്ങളിൽ പ്രത്യേകിച്ചും, പടച്ചുവിടുന്ന വിദ്വേഷപ്രസ്താവനകളും വ്യാജപ്രചാരണങ്ങളും. സൈബറിടങ്ങളിലെ സ്ഫോടനങ്ങളെയും യുദ്ധാഹ്വാനങ്ങളെയും കേരളം ഒറ്റക്കെട്ടായി ചെറുത്തുതോല്പിക്കേണ്ട സമയമാണിത്. ചെറുതും വലുതുമായ ഏതു പ്രശ്നവും പർവതീകരിച്ച് മത, സാമുദായിക സംഘർഷമാക്കി വളർത്തുന്നതും വർഗീയവിഷം ചുരത്തുന്നതും പ്രബുദ്ധവും സംസ്കാരസമ്പന്നവുമെന്ന് അഭിമാനിക്കുന്ന 'ദൈവത്തിന്റെ സ്വന്തം നാടിനു' താങ്ങാനാവുന്നതല്ല എന്നോർമിക്കുന്നതു നന്ന്.

# അല്മായപങ്കാളിത്തത്തിന് ഊന്നൽ നല്കി മെത്രാന്മാരുടെ സിനഡിനു സമാപനം

വത്തിക്കാൻ: സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന ഭക്തിനിർഭരമായ വിശുദ്ധ കുർബാനയർപ്പണത്തോടെ ആഗോളകത്തോലിക്കാസഭയിലെ മെത്രാന്മാരുടെ പതിനാറാമതു സിനഡിന്റെ ആദ്യഘട്ടത്തിനു സമാപനമായി. ലോകത്തിന്റെ നൊമ്പരങ്ങൾക്കു ചെവിയോർക്കാത്ത ആത്മീയത, ഫരിസേയമനോഭാവമാണെന്നു വിശുദ്ധ കുർബാനമധ്യേ നൽകിയ സുവിശേഷസന്ദേശത്തിൽ മാർപാപ്പാ പറഞ്ഞു. സിനഡ് സമ്മേളനം നമ്മെ ഓർമിപ്പിക്കുന്നത്, എല്ലാവരെയും സ്വീകരിക്കുന്ന, ആരെയും ഒഴിവാക്കാത്ത ഒരു സഭയായി മാറാനാണ് എന്നു പറഞ്ഞുകൊണ്ടാണ് മാർപാപ്പാ സന്ദേശം അവസാനിപ്പിച്ചത്.

അല്മായർക്ക് പ്രത്യേകിച്ച്, സ്ത്രീകൾക്കു സഭാസംവിധാനങ്ങളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്താനുള്ള നിർദേശങ്ങളടങ്ങിയതാണ് സിനഡിന്റെ 42 പേജുള്ള സമാപനരേഖ.

മെത്രാന്റെ അധികാരം അല്മായരോടൊപ്പമുള്ള കൂട്ടുത്തരവാദിത്വമായി പരിഗണിക്കപ്പെടണം; സ്ത്രീകൾക്ക് സഭയിൽ കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകണം. എന്നാൽ അവ കൃത്യമായി നിർവചിക്കപ്പെടണം. സ്ത്രീകൾക്ക് ഡീക്കൻപട്ടം നൽകാനുള്ള സാധ്യത സിനഡ് തള്ളിക്കളയുന്നില്ല. വൈദികബ്രഹ്മചര്യം നിർത്തലാക്കുന്നതിനെക്കുറിച്ച് ദീർഘമായ പഠനം ആവശ്യമാണ്.

ഈ റിപ്പോർട്ട് രൂപതകളിലെ ചർച്ചയ്ക്കായി എല്ലാ രൂപതകളിലേക്കും അയയ്ക്കും. വരുന്ന ജൂണിനു മുമ്പായി ചർച്ചാഫലങ്ങൾ റോമിൽ അറിയിക്കണം. ഒക്ടോബറിൽ നടക്കുന്ന സിനഡിന്റെ അവസാനസമ്മേളനത്തിലാണ് അന്തിമനിർദേശങ്ങൾ രൂപപ്പെടുക. അവ അടിസ്ഥാനമാക്കിയുള്ള തീരുമാനങ്ങൾ 2025 ആരംഭത്തിൽ മാർപാപ്പാ പ്രഖ്യാപിക്കുമെന്നു കരുതപ്പെടുന്നു.



വിശുദ്ധകുർബാനയിലെ കാഴ്ചസമർപ്പണത്തിൽ അല്മായപ്രതിനിധികളോടൊപ്പം, ഗൾഫ് നാടുകളിലെ സഭയുടെ പ്രതിനിധിയായി സിനഡിലുണ്ടായിരുന്ന മലയാളി മാത്യു തോമസ് പങ്കെടുത്തു. വത്തിക്കാൻ വെബ്സൈറ്റിലൂടെ പുറത്തിറക്കിയ സിനഡ് പ്രമാണരേഖയിലെ എല്ലാ ഖണ്ഡികകളും മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ സിനഡിൽ പാസായിരുന്നു എന്നു സിനഡ് സെക്രട്ടറി ജനറൽ കർദിനാൾ മാരിയോ ഗ്രെക്ക് അറിയിച്ചു.



# സഹനത്തിന്റെ ആനന്ദപൂർണിമ

**ഭിന്നശേഷിക്കാരിയായ മകളെ നെഞ്ചോടു ചേർത്തുപിടിച്ച് ഇരുപതുവർഷം ഒരമ്മ നടത്തിയ പോരാട്ടത്തിന്റെ കഥ പറയുന്ന 'എനിക്കായ്' എന്ന ഗ്രന്ഥം രണ്ടുമാസംകൊണ്ട് രണ്ടായിരം കോപ്പി വിറ്റഴിഞ്ഞു. രണ്ടാമത്തെ എഡിഷനും തീർന്നുകൊണ്ടിരിക്കുന്നു. മൂന്നാമത്തെ എഡിഷന്റെ ഉത്തരവാദിത്വം പ്രശസ്ത മജീഷ്യൻ ഗോപിനാഥ് മുതുകാട് ഏറ്റെടുത്തുകഴിഞ്ഞു. മകൾ ഗൗരി തന്റെ ജീവിതത്തിൽ കൊണ്ടുവന്ന ആനന്ദത്തെക്കുറിച്ച് അമ്മ ആശാ പ്രദീപ് എഴുതുന്നു:**

**2023** ഓഗസ്റ്റ് മാസം ഇരുപതാം തീയതി 'എനിക്കായ്' എന്ന അനുഭവക്കുറിപ്പ് പുസ്തകരൂപത്തിൽ പുറത്തിറങ്ങിയതിനുശേഷം ഞാൻ അനുഭവിച്ച ആത്മനിർവൃതി അത്യന്തം ആനന്ദപൂർണമായിരുന്നു. അതൊരു സഹനത്തിന്റെ പൂർണതയിലെ ആനന്ദമായിരുന്നു എന്നു പറയട്ടെ.

ഭിന്നശേഷിക്കാരിയായ മകളെ നെഞ്ചോടുചേർത്തു പിടിച്ച് ഇരുപതുവർഷം ഞാൻ നടത്തിയ പോരാട്ടത്തിന്റെ കഥയാണ് എനിക്കായ് എന്ന പുസ്തകത്തിലൂടെ വരച്ചുകാട്ടിയിരിക്കുന്നത്.

അനുഭവിച്ചുതീർത്ത കഠിനമായ പരീക്ഷണങ്ങൾ മനസ്സിന്റെ ഭാരം കുറയ്ക്കാനായി ഞാൻ ഒരു നോട്ടുബുക്കിന്റെ താളുകളിലേക്കു പകർത്തിവയ്ക്കുമ്പോൾ സ്വപ്നത്തിൽപോലും കരുതിയില്ല ഈ പൊള്ളുന്ന അക്ഷരക്കൂട്ടുകൾ പുസ്തകരൂപത്തിൽ എത്തുമെന്ന്. ഇതിനുമുമ്പ് ഞാൻ ഒരിക്കൽപ്പോലും ഒരു കുഞ്ഞിക്കഥപോലും എഴുതിയിട്ടില്ല, എഴുതാൻ ശ്രമിച്ചിട്ടുമില്ല.

വളരെ യാദൃച്ഛികമായി ഞാൻ എഴുതിവച്ച ഈ അനുഭവക്കുറിപ്പു വായിക്കാനിടയായ ഏറ്റുമാനൂർ ബി ആർ സി യിലെ ആശ ജോർജ് എന്ന റ്റീച്ചർ സത്യത്തിൽ അമ്പരന്നുപോയി... "ഇത് വെറുമൊരു കുത്തിക്കുറിക്കലല്ല. ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നു പിറവികൊണ്ട അതിജീവനത്തിന്റെ കരുത്തുറ്റ വാക്കുകളാണിതിൽ. ഇത് പുസ്തകമാകണം. ഒരുപാടു മാതാപിതാക്കൾക്ക് ഇതൊരു പ്രചോദനമാകുമെന്നതിൽ ഒരു സംശയവുമില്ല." ആ റ്റീച്ചർ എന്നോടു പറഞ്ഞു.

ഞാനതു കാര്യമാക്കിയില്ല. അത്രയ്ക്കൊക്കെയുണ്ടോ എന്നേ ഓർത്തുള്ളൂ. അവർ ഈ അനുഭവക്കുറിപ്പിന്റെ മൂല്യം മനസ്സിലാക്കി എന്ന് പിന്നീടാണ് ഞാൻ അറിഞ്ഞത്. ഏറ്റുമാനൂർ ബി ആർ സി യിലെ ഒരു കൂട്ടം അധ്യാപകർ ഈ അനുഭവക്കുറിപ്പ് പുസ്തകമാക്കുന്നതിൽ നന്നായി പ്രയത്നിച്ചു, പ്രധാനമായും ബിനിത്സാർ.

പുസ്തകം അച്ചടിച്ച് ആദ്യപ്രതി എന്റെ കൈകളിലേക്ക് ബിനിത്സാർ നൽകുമ്പോൾ നിറഞ്ഞൊഴുകിയ കണ്ണുകൾ തുടയ്ക്കാൻ മറന്നുനിന്നുപോയി ഞാൻ. ഞാൻ എഴുതിവച്ച എന്റെയും കുടുംബത്തിന്റെയും അതിജീവനത്തിന്റെ കഥ ലോകം അറിയാൻ പോകുകയാണ്. ഇത് എങ്ങനെ സമൂഹത്തിൽ സ്വീകരിക്കപ്പെടുമെന്നോർത്തു ഞാൻ അത്യധികം ആകാംക്ഷ പൂണ്ടു.

ബഹുമാനപ്പെട്ട മന്ത്രി വി. എൻ. വാസവൻ ഈ പുസ്തകം വായിച്ച് എന്നെ നേരിട്ട് ഫോണിൽ ബന്ധപ്പെടുമ്പോൾ ഞാൻ അക്ഷരാർഥത്തിൽ സ്വപ്നം കാണുകയാണോ എന്നു കരുതി.



"ഞാൻ ഒരുപാട് പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്. ഇങ്ങനെ ഒരു കൃതി ആദ്യമായാണു വായിക്കുന്നത്. ഇതൊരു അപൂർവ കൃതിയാണ്. ഇത് ഒട്ടേറെ കൈകളിൽ എത്തണം." അദ്ദേഹത്തിന്റെ വാക്കുകൾ എനിക്ക് ആത്മവിശ്വാസം പകരുന്നവ ആയിരുന്നു.

പിന്നീട് ഓരോദിനം പുലരുമ്പോഴും എന്റെ ഫോണിലേക്ക് എത്തിയ കോളുകൾ എന്നെ ശരിക്കും മറ്റൊരു ലോകത്ത് എത്തിക്കുകയായിരുന്നു. ഒപ്പം, ഗൗരിമോളെയും ഞങ്ങളുടെ കുടുംബത്തെയും.

ഒരമ്മ എന്നെ വിളിച്ചു സംസാരിച്ചത് ഓർക്കുന്നു: "ഞാൻ ഇന്നു മുതൽ പുതിയൊരു അമ്മയാകും. എനിക്ക് ലേണിങ് ഡിസെബിലിറ്റിയുള്ള മുപ്പതു വയസ്സുള്ള മകളുണ്ട്. അവളുടെ സ്വഭാവരീതികളും മറ്റും എന്നെ വല്ലാതെ ദേഷ്യത്തിലാക്കുന്നു. എനിക്ക് അല്പംപോലും ക്ഷമയില്ല. കർക്കശമായി അവളോടു പെരുമാറുന്നു. നിങ്ങൾ എഴുതിയ 'എനിക്കായ്' എന്ന പുസ്തകം വായിച്ചതിനുശേഷം എനിക്ക് ഒരുപാട് മനം മാറ്റം ഉണ്ടായി. ഇനി എന്റെ മകളെ നന്നായി നോക്കണം."

മനസ്സുനിറഞ്ഞാണ് ഈ വാക്കുകൾ ഞാൻ ഫോണിലൂടെ ശ്രവിച്ചത്. എന്റെയും മകളുടെയും ജീവിതം ഒരാളിലെങ്കിലും മാറ്റമുണ്ടാക്കിയെങ്കിൽ അതിൽപ്പരം സന്തോഷം വേറേ എന്താണ്? എല്ലാം ഈശ്വരനിശ്ചയം എന്നല്ലാതെ എന്താണു പറയേണ്ടത്?

പ്രശസ്ത സാഹിത്യകാരനായ സി. രാധാകൃഷ്ണൻസാർ ഈ പുസ്തകം വായിച്ചുനൽകിയ അഭിപ്രായം എനിക്കു വളരെ സന്തോഷം നൽകി. അമൃതോളം മൂല്യമുള്ള ഔഷധക്കൂട്ടാണ് ഈ കൃതിയെന്ന് എഴുതിത്തുടങ്ങിയ അദ്ദേഹം എന്നെ വിശേഷിപ്പിച്ചത് ദേശീയ മാതാവ് എന്നാണ്. 'എനിക്കായ്' എന്ന പുസ്തകം ഒരു അക്ഷരാമൃതം തന്നെയാണെന്ന് അദ്ദേഹം എഴുതി.

ഇതു വെറുമൊരു പുസ്തകമല്ല, മാതൃത്വത്തിന്റെ മഹാഭാരതമാണ് എന്നാണ് കിളിരൂർ രാധാകൃഷ്ണൻ എന്ന സാഹിത്യകാരൻ 'എനിക്കായ്' എന്ന കൃതിയെക്കുറിച്ച് എഴുതിവച്ചത്.

ലോകപ്രശസ്ത മജീഷ്യൻ ആയിരുന്ന, ഇപ്പോൾ ഭിന്നശേഷി കുട്ടികളുടെ ഡിഫെറന്റ് ആർട്ട് സെന്ററിന്റെ എല്ലാമെല്ലാമായ ഗോപിനാഥ് മുതുകാട് സാർ ഈ പുസ്തകം വായിച്ചുനൽകിയ വാക്കുകൾ എനിക്കു വിശ്വസിക്കാനായില്ല. സുലളിതമായ ഭാഷയിൽ ഒട്ടും സാഹിത്യം കലർത്താതെ വളരെ പോസിറ്റീവായി എഴുതി അവസാനിപ്പിച്ചിരിക്കുന്ന ഈ അനുഭവക്കുറിപ്പ് ഒരു മിനിറ്റുപോലും മുഷിയാതെ ഒറ്റയിരുപ്പിൽ വായിച്ചുതീർത്തുവെന്ന് അദ്ദേഹം പറഞ്ഞപ്പോൾ മനസ്സ് നിറഞ്ഞുപോയി, കണ്ണു നിറഞ്ഞൊഴുകി.

രണ്ടുമാസംകൊണ്ട് രണ്ടായിരം കോപ്പി വിറ്റഴിഞ്ഞു. ഇപ്പോൾ രണ്ടാമത്തെ എഡിഷനും തീർന്നുകൊണ്ടിരിക്കുന്നു. മൂന്നാമത്തെ എഡിഷൻ ഡിഫ്രന്റ് ആർട്ട് സെന്ററിന്റെ നേരിട്ടുള്ള ഉത്തരവാദിത്വത്തിലും ചെലവിലുമായിരിക്കുമെന്ന് ഗോപിനാഥ് മുതുകാട് സാർ നേരിട്ടു പറഞ്ഞപ്പോൾ അതൊരു വിസ്മയമായിത്തോന്നി.

അതുപോലെതന്നെ, എനിക്കു മനസ്സിൽത്തൊട്ട വാക്കുകളായിരുന്നു ദീപനാളം ചീഫ് എഡിറ്ററും ഡയറക്ടറുമായ ഫാദർ കുര്യൻ തടത്തിലിന്റേത്: "മനസ്സാക്ഷിയുള്ള ആരെയും പൊള്ളിക്കുന്നതാണ് എനിക്കായ് എന്ന ഈ പുസ്തകം. ഇതൊരു ആത്മസ്പർശമാണ്. ഈ അനുഭവങ്ങൾ വളരെ അപൂർവമായി ദൈവമൊരുക്കുന്ന വിശുദ്ധീകരണത്തിന്റെ പടവുകളായിട്ടാണ് നോക്കിക്കാണേണ്ടത്. സഹനത്തിന്റെ പൂർണതയിൽ ഉണ്ടാകുന്ന ആനന്ദലഹരി എന്താണെന്ന് ലോകത്തെ പ്രബോധിപ്പിക്കുന്നതിന് ഒരുപക്ഷേ, ദൈവം ഒരുക്കിയ പുണ്യജന്മങ്ങളാണ് ഗൗരിയും ഗൗരിയുടെ അമ്മ ആശയും എന്നു ഞാൻ കരുതുന്നു." അദ്ദേഹം ഇതു പറയുമ്പോൾ ഒരിക്കൽക്കൂടി, എനിക്കായ് എന്ന പുസ്തകത്തിന്റെ മൂല്യം എന്താണെന്ന് ഈശ്വരൻ മനസ്സിലാക്കിത്തരികയായിരുന്നു.

അങ്ങനെ ഈ പുസ്തകം വായിച്ച ഓരോരുത്തരും വിളിച്ചു തങ്ങളുടെ വായനാനുഭവം പങ്കിട്ടപ്പോൾ അക്ഷരാർഥത്തിൽ സഹനത്തിന്റെ പൂർണതയിലെ ആനന്ദം അനുഭവിക്കുകയാണ് ഈ അമ്മ. ദൈവാനുഗ്രഹത്താൽ ഈ പുസ്തകം ഒരുപാടു പേരുടെ കൈകളിൽ എത്തട്ടെ എന്നു പ്രാർഥിച്ചുകൊണ്ട്

സസ്നേഹം
ഗൗരിയുടെ അമ്മ

**ആശാ പ്രദീപ്**

---

**ജിജോ ജോസഫ് എൻ.** **കവിത**

## അച്ഛനുറക്കമില്ല



അച്ഛൻ മരിച്ചു...?
ജീനുകൾകൂടി
ശവപ്പെട്ടിയിൽ...?

വേണ്ട, മരിക്കട്ടെ
പാറിപ്പറക്കട്ടെ ചിന്തകളായി
ജ്വലിക്കട്ടെ കെടാവിളക്കുകൾ
ചിന്തയിൽ ഒളിപ്പിക്കാം;
കനലുകൾ...?

കുഴിച്ചുമൂടാം...
കത്തിക്കാം...
ഓർമപ്പുസ്തകം അടച്ചു
താഴിട്ടു ചിന്തകൾ
തുറക്കുവാൻ കൊതിച്ചില്ല.

പൊഴിഞ്ഞ മെച്ചിയും പൊളിഞ്ഞ മച്ചും
മരിച്ച മനസ്സും മൊഞ്ചുള്ള വേശ്യയും
തിരിഞ്ഞുനോക്കി;
കളഞ്ഞ വെള്ളാരംകല്ലുകൾ
പെറുക്കി സൂക്ഷിപ്പാൻ.

ആംബുലൻസിൽ മുഖക്കണ്ണാടി
എഴുതിവച്ചു ഞാൻ അച്ഛനല്ല
ഐസുപെട്ടിക്കുമേൽ അന്തിയുറങ്ങാൻ...?
ഹൃദയം മരിച്ച് 'നിർഭയ' ആകുവാൻ

അച്ഛനുറങ്ങില്ല എന്ന തത്ത്വശാസ്ത്രവും
തീവ്രനോവായി എരിഞ്ഞുതീരവേ
കനലുകളിലൊന്ന് ഊതിപ്പിടിപ്പിക്കവേ
ഉൾക്കണ്ണിൽ ജ്വലിച്ചു അച്ഛന്റെ ദീപം

ജാലിയൻവാലാബാഗിൽ
രുധിരനൃത്തത്തിൽ അമർന്നീടവേ
അച്ഛൻ പറഞ്ഞു:
ജീനുകൾ... കൈമോശം വരരുത്.

നേർത്ത വിശ്വാസങ്ങളാൽ
വിസ്മൃതിയിൽ സ്വയം അലിയവേ
ഉമ്മറത്ത് ഉണ്മയറ്റവൾ പുലമ്പി
അച്ഛൻ എനിക്കെന്താ നീക്കിവച്ചത്?

ഹോമകുണ്ഡത്തിൽ ജ്വാലയായി
ടീസ്റ്റാ സെതൽവാദും
ചങ്ങലയിട്ട സ്റ്റാൻസ്വാമിയും
ശരിയത്തിൻ വിലങ്ങിട്ട കൈകളാൽ...
പുനർജനിയായി അച്ഛൻ,
ഈച്ചരവാര്യർ ആകുവാൻ...

നോവൽ 20

തേക്കിൻകാട് ജോസഫ്






നോവലിസ്റ്റ്

സഖറിയാ തര്യന്റെ ഉപദേശ പ്രകാരം മാമ്മോദീസാക്കല്യാണം ക്ഷണിക്കാനും കേസിന്റെ കാര്യം അറിയിക്കാനും ആദ്യം മണിമലയ്ക്കാണ് ഇയ്യോബ് പുറപ്പെട്ടത്. മറിയക്കൊച്ചമ്മേടെ ആറ് ആൺമക്കൾക്കും പൗലോ കൊടുത്ത കേസിനെപ്പറ്റി കേട്ടപ്പോൾ അദ്ഭുതം. മൂന്നാം തലമുറയായി. ഇപ്പോഴാണോ ഇവനു വെളിപാടുണ്ടാകുന്നത് എന്നായി അവർ.

എന്തായാലും മാമ്മോദീസാക്കല്യാണത്തിന് അവർ ആറു പേരും അവരുടെ പെമ്പിളമാരും വരും.

ചങ്ങനാശേരി വലിയ പള്ളിയിലാണ് മാമ്മോദീസാ.

മണിമലനിന്ന് കോതമംഗലത്തെ ഏലിക്കൊച്ചമ്മേടെ മക്കളെ കാണാനാണ് ഇയ്യോബ് പോയത്. അഞ്ചുപേരും അടുത്തടുത്താണു താമസിക്കുന്നത്. അവർക്കും 'കേസുവാർത്ത' കേട്ടപ്പോൾ അതിശയം. അവരും കുടുംബവും മാമ്മോദീസായ്ക്കു വരും. കേസിലൊന്നും അവർക്കു താത്പര്യമില്ല. എങ്കിലും എന്തിനും എവിടെയും ഒപ്പിട്ടുനല്കാനും അവർ അഞ്ചുപേരും തയ്യാറാണ്. തികച്ചും സമാധാനപ്രിയരായ സാധാരണകർഷകർ.

നേരം വൈകിയതിനാൽ ഇയ്യോബ് തിരികെ കൊട്ടാരത്തിൽ തറവാട്ടിലേക്കു പോന്നു. ചാലക്കുടീലും അങ്കമാലിയിലും നാളെ പോകാമെന്നു നിശ്ചയിച്ചു.

പിറ്റേദിവസം രാവിലെതന്നെ ഇയ്യോബ് പുറപ്പെട്ടു. ആദ്യം ചാലക്കുടി എത്തി. റോസക്കൊച്ചമ്മേടെ മക്കൾ നാലുപേരും നല്ല കൃഷിക്കാർ. അവർ അധ്വാനികളാണെന്ന് അവരുടെ വീടും പറമ്പും കണ്ടപ്പൾ ഇയ്യോബിനു തോന്നി. അവർ മാമ്മോദീസായ്ക്കു വരും. കേസിലൊന്നും അവർക്കും ഒട്ടും താത്പര്യമില്ല. പൗലോ ഒരു ദിവസം വന്നിരുന്നു. അവൻ പറഞ്ഞ് വിവരങ്ങളൊക്കെ അറിയാം. എന്തു ചെയ്യാം, കുടുംബത്തിൽ ഒരു വഴിപെഴച്ച സന്തതി ഉണ്ടായാൽ എന്നതാണ് അവർ നാലു പേരുടെയും നിലപാട്. 'എല്ലുമുറിയെ പണിതാൽ പല്ലുമുറിയെ തിന്നാം' എന്ന ചിന്താഗതിക്കാരാണ് അവർ. നന്നായി അധ്വാനിച്ചു ജീവിക്കുന്നവർ. വല്യപ്പച്ചന്റെ ശവമടക്കിന് അവർ നാലാളും കുടുംബസമേതം വന്നിരുന്നു.

"ഇയ്യോബിനു നിർബന്ധമാണേൽ മാമ്മോദീസായ്ക്കു വരാം."

തിരികെ വരുന്നവഴി അങ്കമാലിയിൽ പൗലോയുടെ വീട്ടിലിറങ്ങി. ഭാഗ്യത്തിന് അവൻ വീട്ടിലുണ്ടായിരുന്നു.

ഇയ്യോബ് തന്റെ ആഗമനോദ്ദേശ്യം പറഞ്ഞു. മാമ്മോദീസയ്ക്കു ക്ഷണിക്കാൻ വന്നതാണ്.

കേട്ടപാടേ പൗലോ പറഞ്ഞു:

"ഞാൻ വരണില്ല. നാലു വീടുകൾക്കപ്പുറമാണ് പെങ്ങള് താമസിക്കണത്. അവളും വരണില്ല."

അവന്റെ മുഖം ചുവന്നു. രാവിലെ അല്പം മിനുങ്ങീട്ടുണ്ടെന്നു തോന്നുന്നു.

".... ന്നാ ഇയ്യോബ് ചെന്നാട്ടെ. നമ്മക്ക് പീരുമേട്ടില് വച്ചു കാണാം."

അവൻ എണീറ്റു.

ഇയ്യോബും എണീറ്റു. ഇവനോടു കേസിന്റെ കാര്യം ഒന്നും സംസാരിക്കുന്നില്ല. കാര്യങ്ങള് വക്കീലന്മാർ തമ്മിൽ തീർക്കട്ടെ.

"ശരി പൗലോ.'

ഇയ്യോബ് മുറ്റത്തേക്കിറങ്ങി. ഇയ്യോബ് കാറിൽ കയറുന്നതും ഡ്രൈവർ കാർ സ്റ്റാർട്ടാക്കുന്നതും പൗലോ നിർവികാരതയോടെ നോക്കിനിന്നു. അവൻ വായിലെ മുറുക്കാൻ മുറ്റത്തേക്കു നീട്ടിത്തുപ്പി.

ആലപ്പുഴ കോടതിയിൽവച്ച് ജോൺ വക്കീൽ ബാലകൃഷ്ണൻനായർ വക്കീലിനെ കണ്ടു. അവർ തമ്മിൽ കൊട്ടാരത്തിൽ തറവാട്ടിലെ കേസ് ഒത്തുതീർപ്പാക്കുന്നതിനെക്കുറിച്ചു സംസാരിച്ചു. ജോൺ വക്കീൽ തയ്യാറാക്കിയ ഒത്തുതീർപ്പുവ്യവസ്ഥകൾ കേട്ടപ്പോൾ ബാലകൃഷ്ണൻനായർ പറഞ്ഞു.

"ഇതില് പൗലോയ്ക്കു തർക്കമൊണ്ടാകാൻ സാധ്യതയില്ല.

യൂ പ്രൊസീഡ് സർ. ഞാനിക്കാര്യം പൗലോയെ വിളിച്ചുവരുത്തി സംസാരിക്കട്ടെ."

ബാലകൃഷ്ണൻനായർ വക്കീലിന്റെ വാക്കുകൾക്കു പിന്നാലെ ജോൺ വക്കീൽ തുടർന്നു:

"മിസ്റ്റർ ബാലകൃഷ്ണൻ, കേസ് രാജിയാവാനുള്ള ജോയിന്റ് പെറ്റീഷന്റെ നക്കലും കൊട്ടാരത്തിൽ തറവാട് വക 500 ഏക്കർ തെങ്ങിൻതോപ്പ് പതിനനേഴു പേർക്കായി വീതം വയ്ക്കുന്ന ഡീഡിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കിയതിന്റെ കോപ്പിയും എന്റെ പക്കലുണ്ട്. അതു ഞാൻ കൊണ്ടുവന്നിട്ടുണ്ട്. അത് താങ്കൾക്കു തന്നുവിടാം. മി. ബാലകൃഷ്ണൻ വക്കീൽ അത് വായിച്ചുനോക്കി എന്തെങ്കിലും സജക്ഷനുണ്ടെങ്കിൽ ഒരു നോട്ട് എനിക്കുതരണം. ഈ കേസ് രാജിയാവാനാണ് മാത്തൂത്തരകനു താത്പര്യം. അതിന് എന്തു വിട്ടുവീഴ്ചയ്ക്കും അദ്ദേഹം തയ്യാറാണ്.

എല്ലാറ്റിനും എന്നെ അദ്ദേഹവും ഇയ്യോബും ചുമതലപ്പെടുത്തിരിക്കയാണ്."

ജോൺ വക്കീലിന്റെ വിശദീകരണം ബാലകൃഷ്ണൻനായർ ശ്രദ്ധാപൂർവം കേട്ടു. അയാൾ ജോൺ വക്കീൽ കൊടുത്ത ഡ്രാഫ്റ്റുനോട്ടുകൾ ഏറ്റുവാങ്ങി.

"സർ, ഞാനിത് കൊണ്ടുപോയി വായിച്ചുനോക്കാം. സാറിന്റെ ഡ്രാഫ്റ്റുനോട്ടുകൾക്ക് തിരുത്തലുകൾ വേണ്ടിവരില്ല. സാറിനെപ്പോലൊരു വക്കീലിന്റെ സഹായം കൊട്ടാരത്തിൽ തറവാട്ടുകാർക്ക് അനുഗ്രഹമായി. കൊട്ടാരത്തിൽ തറവാട്ടുകാർ എന്നും നീതിയുടെ പക്ഷത്തേ നിന്നിട്ടുള്ളൂ."

ബാലകൃഷ്ണൻനായർ വക്കീലിന്റെ വാക്കുകൾക്കു മുന്നിൽ ജോൺവക്കീൽ ഒന്നു മന്ദഹസിച്ചതേയുള്ളൂ. അദ്ദേഹം ബാലകൃഷ്ണൻനായർക്കു ഹസ്തദാനം ചെയ്ത് കുതിരവണ്ടിയിൽ കയറി. വെള്ളക്കുതിരകളെ കെട്ടിയ ജോൺ വക്കീലിന്റെ കുതിരവണ്ടി മുന്നോട്ടു കുതിക്കുന്നത് അയാൾ കൗതുകപൂർവം നോക്കിനിന്നു.

ജോൺ വക്കീൽ തയ്യാറാക്കിയ ജോയിന്റ് പെറ്റീഷനിലും കൊട്ടാരത്തിൽ തറവാട്ടുവക 500 ഏക്കർ വരുന്ന തെങ്ങിൻതോപ്പ് വല്യപ്പച്ചന്റെ സഹോദരീപുത്രർക്ക് ഇഷ്ടദാനമായി മാത്തൂത്തരകൻ നല്കുന്നതായുള്ള ആധാരത്തിന്റെ ഡ്രാഫ്റ്റ് കോപ്പിയിലും ബാലകൃഷ്ണൻ നായർക്ക് പഴുതുകളൊന്നും കാണാനായില്ല.

1092 ലെ തിരുവിതാംകൂർ ക്രിസ്ത്യൻ പിന്തുടർച്ചാവകാശ നിയമത്തിനെ പിന്തുണയ്ക്കുന്നതും ആവശ്യമെങ്കിൽ ക്രിസ്ത്യൻ കുടുംബങ്ങൾക്കു മാതൃകയാകാവുന്നതുമായ ഒരു ഇഷ്ടദാനപത്രത്തിന്റെ പകർപ്പായിരുന്നു, ജോൺ വക്കീൽ തയ്യാറാക്കിയിരുന്നത്.

രണ്ടാഴ്ചയ്ക്കുള്ളിൽ പൗലോയുമായി ബാലകൃഷ്ണൻ നായർ വക്കീൽ കാര്യങ്ങൾ വിശദമായി സംസാ



രിച്ചു. അയാൾക്കു സമ്മതം. ഇഷ്ടദാനാധാരപ്രകാരം പൗലോയ്ക്ക് 29.41 ഏക്കർ തെങ്ങിൻതോപ്പ് ലഭിക്കും. അയാൾക്ക് അതൊരു നിധി ലഭിച്ചതുപോലെ തോന്നി. താൻ കേസു കൊടുത്തതിനു പ്രയോജനമുണ്ടായല്ലോ എന്നായിരുന്നു, പൗലോയുടെ ചിന്ത.

ജോയിന്റ് പെറ്റീഷനിൽ വക്കീൽ പറഞ്ഞിടത്തൊക്കെ പൗലോ ഒപ്പിട്ടുകൊടുത്തു. ബാലകൃഷ്ണൻനായർ വക്കീൽ കേസ് പിൻവലിക്കാനുള്ള അപേക്ഷ പീരുമേടുകോടതിയിൽ സമർപ്പിച്ചു.

എല്ലാം തിടുക്കത്തിൽത്തന്നെ നടന്നു. ജഡ്ജി വിൽഫ്രഡ് തോമസ് ഗ്രേ ഏറ്റവും അടുത്ത ഒരു ദിവസം കേസ് രാജിയാക്കാനുള്ള സമയം നിശ്ചയിച്ചു.

കോടതി തുടങ്ങുന്നതിനു മുമ്പ് ജഡ്ജിയുടെ ചേംബറിൽ ഇരുകക്ഷികളും അവരുടെ വക്കീലന്മാരും ഹാജരാവണം.

അതനുസരിച്ച് ജോൺ വക്കീലും മാത്തുത്തരകനും ഇയ്യോബും ബാലകൃഷ്ണൻ നായർ വക്കീലും പൗലോയും എത്തിച്ചേർന്നു.

ജഡ്ജി വിൽഫ്രഡ് തോമസ് ഗ്രേ എല്ലാവരെയും നോക്കി പുഞ്ചിരി തൂകി.

അദ്ദേഹം പറഞ്ഞു:

"ഈ നാട്ടിലെ കേസുകൾ ഒത്തുതീർപ്പാവുന്നതിന് ഇതൊരു പ്രചോദനമാവട്ടെ.

കുടുംബങ്ങൾ തമ്മിൽ കേസു നടത്തി അവരുടെ സ്വത്തുവകകൾ നഷ്ടപ്പെടുത്തുകയും ശത്രുത വളർത്തുകയും ചെയ്യുന്നു.

ഈ രാജ്യത്തെ ക്രിസ്ത്യൻ കുടുംബങ്ങൾക്ക് നിങ്ങൾ നല്ലൊരു മാതൃകയാവട്ടെ." അദ്ദേഹം ജോയിന്റ് പെറ്റീഷനിൽ ഒപ്പുവച്ചു.

വിൽഫ്രഡ് തോമസ് ഗ്രേ ഇരു വക്കീലന്മാർക്കും അവരുടെ കക്ഷികൾക്കും കൈ കൊടുത്തു. അങ്ങനെ കേസ് രാജിയായെങ്കിലും പൗലോയുടെ മുഖം തെളിഞ്ഞില്ല.

പിറ്റേ ആഴ്ചതന്നെ 'കൊട്ടാരത്തിൽ തറവാട്ടുവക' തെങ്ങിൻതോപ്പ് പതിനേഴു പേർക്കായി വീതിക്കുന്ന ഇഷ്ടദാനപ്രമാണം രജിസ്റ്റർ ചെയ്തു.

അധികാരിയും ചന്ത്രക്കാരനും കോൽക്കാരനും മറ്റ് ഉദ്യോഗസ്ഥരും വന്ന് താൻ പരിപാലിച്ചുവന്ന ഭൂമി പതിനേഴായി ഭാഗിക്കുന്നത് ഒരു നിമിഷം മാത്തൂത്തരകൻ സ്വപ്നം കണ്ടു. അയാളുടെ കണ്ണുകൾ നിറഞ്ഞു. ആരും കാണാതെ മാത്തൂത്തരകൻ കണ്ണുതുടച്ചു.

അടുത്ത നിമിഷത്തിലാണ് ജോൺ വക്കീൽ തന്റെ പ്ലാൻ അവതരിപ്പിക്കുന്നത്. അത് വല്യപ്പച്ചന്റെ പ്രിയപ്പെട്ട സഹോദരീപുത്രന്മാരോടായിരുന്നു.

കൊട്ടാരത്തിൽ തറവാടു വക ഈ ഭൂമി പലതായി മുറിച്ച് പലർക്കായി വില്ക്കുന്നത് മി. മാത്തൂത്തരകന് ഓർക്കാൻകൂടി കഴിയില്ല. എന്നിരുന്നാലും അദ്ദേഹം അതു ചെയ്തു.

നിങ്ങൾ പതിനേഴു പേരും ചേർന്ന് ഒരു തീരുമാനമെടുത്താൽ ഈ തറവാടുഭൂമി അന്യം നിന്നു പോവില്ല.

ഈ ഭൂമിക്ക് അധികാരി ഒരു വില നിശ്ചയിക്കും. ആ തുക ഇയ്യോബ് തരകൻ നിങ്ങൾക്ക് ഓരോരുത്തർക്കും നല്കും. നിങ്ങൾക്കു ലഭിച്ച ഭൂമി ഇയ്യോബിന്റെ പേരിൽ തിരിച്ചെഴുതിക്കൊടുക്കുക. അത് ഈ കേസിൽ ഇടപെട്ട ഒരു വക്കീൽ എന്ന നിലയിൽ എന്റെ അഭ്യർഥനയാണ്.

വക്കീൽ ബാലകൃഷ്ണൻ നായരും സഖറിയാ തര്യനും അതു ശരിവച്ചു.

"നിങ്ങൾ മാറിനിന്ന് ആലോചിക്ക്."

ഏതാനും നിമിഷത്തേക്ക് അവിടെ മൂകത പരന്നു. പതിനേഴു പേരും മുഖത്തോടു മുഖം നോക്കി.

ആദ്യം മറിയക്കൊച്ചമ്മേടെ ആറു മക്കളാണു വെടി പൊട്ടിച്ചത്. അവർ പറഞ്ഞു: "ഞങ്ങൾക്കു സമ്മതമാണ്. കൊട്ടാരത്തിൽ തറവാടിന്റെ വസ്തുവകകൾ അന്യരുടെ കൈയിൽ പോകുന്നതു ശരിയല്ല.

തുടർന്ന് ഏലിക്കൊച്ചമ്മേടെ മക്കൾ അഞ്ചുപേരും റോസക്കൊച്ചമ്മേടെ നാലുമക്കളും സമ്മതം മൂളി. എല്ലാവരും പൗലോയുടെ മുഖത്തേക്കു നോക്കി. അയാൾ ഒരുനിമിഷം ചിന്തയിലാണ്ടു. എന്നിട്ടുപറഞ്ഞു: "ഞാനായിട്ട് എതിരു നിക്കണില്ല. എനിക്ക് ഇപ്പോ പണമാണു വേണ്ടത്."

"എന്തു പറയുന്നു മി. മാത്തുത്തരകാ, ഇയ്യോബേ?"

ജോൺ വക്കീൽ അവരുടെ മുഖത്തേക്കു കണ്ണുതിരിച്ചു.

"ഞങ്ങൾക്കു സമ്മതമാണ് ജോൺസാറേ! മാത്തുത്തരകൻ ഒരു നെടുവീർപ്പോടെ മൊഴിഞ്ഞു. അയാളുടെ കണ്ണുകളിൽ ആശ്വാസത്തിന്റെ തിരിവെട്ടം.

പിറ്റേയാഴ്ചതന്നെ രജിസ്ട്രേഷൻ നടന്നു.

മാമ്മോദീസാക്കല്യാണത്തിനു കാണാമെന്നു പറഞ്ഞ് എല്ലാവരും കൈകൊടുത്തു പിരിഞ്ഞു.

തികഞ്ഞ മനഃസമാധാനത്തോടെയാണ് അന്നു രാത്രി ഇയ്യോ മാത്തുത്തരകൻ ഉറങ്ങാൻ കിടന്നത്.

ഉറങ്ങുന്നതിനുമുമ്പ് അയാൾ പ്രാർഥിച്ചു:

"അപ്പാ, ഞാനെന്റെ കടമ നിറവേറ്റി. അപ്പനു സന്തോഷമായില്ലേ?" കൊട്ടാരത്തിൽ തറവാട്ടിലെ ഇയ്യോ അവിരാ തരകൻ ഭിത്തിയിലിരുന്നു പുഞ്ചിരി തൂകി.

ആ പ്രശാന്തമായ രാവിൽ ഇയ്യോ മാത്തുത്തരകൻ ഗാഢനിദ്രയിൽ ലയിച്ചു. അത് നിത്യമായ നിദ്രയായിരുന്നു. നിത്യമായ ശാന്തിയുടെയും നിത്യമായ സമാധാനത്തിന്റെ പുഞ്ചിരി ഇയ്യോ മാത്തുത്തരകന്റെ ചുണ്ടിൽ വിരിഞ്ഞു.

(അവസാനിച്ചു)


# സാമൂഹികസമത്വത്തിന് ജാതിസെൻസസ്

(1-ാം പേജ് തുടർച്ച)

ഒരു പൊതുശത്രുവിനെതിരേ ഹിന്ദുക്കളെല്ലാം ഒരുമിച്ചുനിൽക്കണമെന്ന പൊതുബോധം സൃഷ്ടിക്കാൻ ആർഎസ്എസ് ആസൂത്രണം ചെയ്ത അസമത്വ വിദ്വേഷം സൃഷ്ടിക്കൽ അജണ്ട വിജയത്തിലെത്തുകയും രാജ്യത്തിന്റെ പരമാധികാരം അനായാസമായി ബിജെപിയുടെ കൈകളിലെത്തുകയും ചെയ്തു. നരേന്ദ്രമോദി സർക്കാരിന്റെ ഇത്രയും കാലത്തെ ചുവടുവയ്പുകളിലൂടെ സംശയാതീതമായി ബോധ്യമാകുന്ന ഒരു കാര്യം പാക്കിസ്ഥാൻ ഒരു മുസ്ലീംരാഷ്ട്രമാണെന്നതുപോലെ ഇന്ത്യ ഒരു ഹിന്ദുരാഷ്ട്രം അഥവാ ഹിന്ദുസ്ഥാൻ ആക്കി മാറ്റുക ആർഎസ് എസ് അജണ്ടയാണെന്നതാണ്.

അങ്ങനെ സംഭവിച്ചാൽ, രാജ്യത്തിന്റെ അധികാരവും നിയന്ത്രണവും പൂർണമായും സവർണാധിപത്യത്തിലേക്കു പോകുകയും ഹൈന്ദവേതര മതസ്ഥർ മാത്രമല്ല, പിന്നാക്കവിഭാഗം ജനങ്ങളും പട്ടികജാതി പട്ടികവർഗ സമൂഹവും എല്ലാം കൂടുതൽ പാർശ്വവത്കരിക്കപ്പെടുകയും മൗലികാവകാശങ്ങൾപോലും ഇല്ലാതാകുകയും ചെയ്യും.

ഏറ്റവും നിർഭാഗ്യകരമായ കാര്യം, ആർഎസ്എസ് - മുസ്ലീം സംഘർഷത്തിൽ ക്രൈസ്തവരെ കൂടെനിർത്താനുള്ള സംഘപരിവാർതന്ത്രം ഒരു കെണിയാണെന്നത് കേരളത്തിലെ വലിയൊരു വിഭാഗം സുറിയാനി ക്രൈസ്തവർക്കും മനസ്സിലാകുന്നില്ല എന്നതാണ്. തങ്ങളും സവർണരാണ് എന്ന മിഥ്യാഭിമാനബോധം കൊണ്ടു നടക്കുന്ന അവരെ സംഘപരിവാർ തത്കാലത്തേക്ക് മുസ്ലീമിനെ അടിക്കാനുള്ള വടിയായി ഉപയോഗിക്കുകയാണ്. അതുകഴിഞ്ഞാൽ അവർ തിരിയുക ക്രൈസ്തവരടക്കമുള്ള ഇതര ന്യൂനപക്ഷവിഭാഗങ്ങൾക്കു നേരേയാവും.




രാജ്യം നേരിടാൻ പോകുന്ന ഈ വിപത്തുകളെല്ലാം മുന്നിൽക്കണ്ടിട്ടാണ് രാജ്യത്തെ മതേതരത്വവും ജനാധിപത്യവും ബഹുസ്വരതയും നിലനിൽക്കണമെന്നാഗ്രഹിക്കുന്ന കോൺഗ്രസ് അടക്കമുള്ള നിരവധി രാഷ്ട്രീയ കക്ഷികൾ ചേർന്ന് 'ഇന്ത്യ' എന്ന രാഷ്ട്രീയമുന്നണിക്കു രൂപം നൽകിയത്. കടുത്ത രാഷ്ട്രീയ എതിർപ്പുകളെയും നിയമപോരാട്ടങ്ങളെയും നേരിട്ടുകൊണ്ടാണ് ബീഹാറിൽ നിതീഷ് കുമാർ ഭരണകൂടം അവർ നടത്തിയ ജാതിസർവേയുടെ വിവരങ്ങൾ പുറത്തുവിട്ടത്. അതേ മാതൃകയിൽ രാജ്യത്തുമുഴുവൻ ജാതി സെൻസസ് നടത്തണമെന്ന് കോൺഗ്രസും മറ്റു പല കക്ഷികളും ആവശ്യപ്പെട്ടിരിക്കുന്നത് ബിജെപിയെ രാഷ്ട്രീയമായി വെട്ടിലാക്കിയിരിക്കുകയാണ്.

രാജ്യത്തിനു സ്വാതന്ത്ര്യം നേടിത്തന്ന, ദേശീയപ്രസ്ഥാനത്തിന്റെ പൈതൃകം അവകാശപ്പെടാൻ കഴിയുന്ന കോൺഗ്രസിനെ രാജ്യത്തുനിന്നു തുടച്ചുനീക്കാൻ ബിജെപി ഉപയോഗിക്കുന്ന തന്ത്രവും 'ഹിന്ദുത്വ' ഏകീകരണം എന്ന അജണ്ടയാണ്. ഈ അജണ്ട നടപ്പാക്കാൻ ഏറ്റവും സമർഥൻ താനാണെന്ന് നരേന്ദ്രമോദി 2002 ലെ ഗുജറാത്തുകലാപത്തോടെ തെളിയിക്കുകയും ചെയ്തു.

ജാതി തിരിച്ച് രാജ്യത്തെ സാമൂഹികസാമ്പത്തികസ്ഥിതി പരിശോധിക്കപ്പെടുകയും അതിനനുസരണമായി സംവരണം ചർച്ചയാവുകയും ചെയ്താൽ ഹിന്ദുത്വ ഏകീകരണവും അതുവഴിയുള്ള വോട്ടുസമാഹരണവും നടക്കാതെവരുമെന്നു ബിജെപി കരുതുന്നു. ദളിതരുടെയും പിന്നാക്കവിഭാഗങ്ങളുടെയും ജനസംഖ്യാക്കണക്കു മാത്രമല്ല അവരുടെ ജീവിതനിലവാരം, വിദ്യാഭ്യാസനിലവാരം, തൊഴിൽ തുടങ്ങിയ വിവരങ്ങളെല്ലാം ജാതിസെൻസസ്‌വഴി പുറത്തുവരും. അങ്ങനെ വന്നാൽ, രാജ്യത്തെ ജനസംഖ്യയുടെ ബഹുഭൂരിപക്ഷമായ പിന്നാക്കക്കാരും ദളിതരുമെല്ലാം സംഘടിക്കുകയും രാഷ്ട്രീയാധികാരത്തിന്റെ പങ്കു കണക്കുപറഞ്ഞു വാങ്ങിക്കുകയും ചെയ്യും. ഇതു രാജ്യത്തു സാമൂഹികനീതിയും സമത്വവും കൊണ്ടുവരുന്നതിനിടയാകും.

മണ്ഡൽകമ്മീഷൻ റിപ്പോർട്ട് നടപ്പിൽ വന്നിട്ട് മൂന്നു പതിറ്റാണ്ടു കഴിഞ്ഞിട്ടും ഇന്ത്യൻ ജനസംഖ്യയുടെ 52 ശതമാനത്തെ പ്രതിനിധീകരിക്കുന്ന മറ്റു പിന്നാക്കജനവിഭാഗങ്ങളുടെയും ദളിതരുടെയും സാമൂഹികപദവിയും അവസ്ഥയും മുന്നാക്കജാതികളെ അപേക്ഷിച്ച് വളരെ പിന്നിലാണ്. അതാണ് ഇന്ത്യയിൽ ജാതി സെൻസസ് നടത്തേണ്ടതിന്റെ ആവശ്യകതയിലേക്കു വിരൽചൂണ്ടുന്നത്. പരിശുദ്ധ ഫ്രാൻസീസ് പാപ്പായുടെ 'സമത്വ'ത്തിനായുള്ള പ്രബോധനങ്ങളെ പിന്തുടരുന്ന ക്രൈസ്തവനു ജാതിസെൻസസിനെ പിന്തുണയ്ക്കാതിരിക്കാൻ കഴിയില്ല. ■

---

13

# അമ്മ



ഫാ. തോമസ് പാട്ടത്തിൽചിറ CMF

കുടുംബവിളക്ക്

**അ**മ്മയെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ ക്രൈസ്തവകുടുംബങ്ങൾക്കു കഴിയണം. അമ്മയെ അനുസരിക്കുന്നവരും ആദരിക്കുന്നവരുമാകണം ക്രിസ്ത്യാനികളെന്ന് അഭിമാനിക്കുന്നവർ. കാരണം, ദൈവമായിരുന്നിട്ടുപോലും തന്റെ ആയുഷ്കാലമൊക്കെയും സ്വന്തം അമ്മയ്ക്ക് അർഹമായ ബഹുമാനം നല്കിക്കൊണ്ട് അവൾക്കു വിധേയനായി ജീവിക്കുകയും തന്റെ മൃതിക്കുമുമ്പ് അവളെ അമ്മയായി അരുമശിഷ്യന്റെ സുരക്ഷിതമായ കരങ്ങളിൽ ഏല്പിച്ചവനുമായ ക്രിസ്തുവിനെയാണ് അവർ അനുഗമിക്കുന്നത്. അതേ, അമ്മ അമൂല്യയാണ്. അവളിലൂടെയാണ് നാമെന്ന അസ്തിത്വം മണ്ണിലേക്കു വന്നത്. മാതാവില്ലെങ്കിൽ മക്കളില്ല. അവളുമായുള്ള പൊക്കിൾക്കൊടിബന്ധമാണു ഭൂമിയിൽ ഏതൊരു മനുഷ്യജന്മത്തിന്റെയും ഏറ്റവും ബലിഷ്ഠമായ ബന്ധം.

മാതാവ് മൺവിളക്കാണ്. വീടിന്റെ വെട്ടമാണ്. കൂടെയുള്ളവരുടെ സ്നേഹവാത്സല്യങ്ങളാണ് അവളുടെ തിരിവെട്ടത്തിനു തെളിച്ചമേകുന്നത്. അതു കെട്ടുപോകുമ്പോഴേ വെളിച്ചത്തിന്റെ വിലയും ഇരുട്ടിന്റെ ഭയാനകതയും കുടുംബമറിയാൻ തുടങ്ങൂ. അവൾ സർവംസഹയാണ്. നൊമ്പരങ്ങൾ പലതും നെഞ്ചിനുള്ളിലൊതുക്കി പുഞ്ചിരിക്കുന്നവൾ. അവളെപ്പറ്റി കുടുംബാംഗങ്ങൾക്കു ചിന്തയുണ്ടാകണം. അവളുടെ ആവശ്യങ്ങൾ അവൾ പറയാതെതന്നെ അറിയാൻ അവർക്കു കഴിയണം.

അമ്മ അനുഗ്രഹമാണ്. അവൾക്കുവേണ്ടി അനുദിനം പ്രാർഥിക്കണം. പെറ്റുപോറ്റിയവരും പങ്കാളിയുമൊക്കെ ജീവിച്ചിരിക്കുമ്പോൾ ഒരമ്മയും ഒരിടത്തും ഒറ്റപ്പെടരുത്. മാതൃമിഴികൾ ഈറനണിയാൻ നാം ഇടയാക്കരുത്. അവളുടെ കണ്ണീരു വീണു കുതിരുന്ന കുടുംബം പാർത്തലത്തിലെ ഏറ്റവും ശപിക്കപ്പെട്ട ഇടങ്ങളിൽ ഒന്നായിരിക്കും.

അമ്മയൊരു സാന്ത്വനമാണ്. അവളുടെ മടിത്തട്ടിൽ സുഖശയനമുണ്ട്. തലോടലിൽ സൗഖ്യവും. അമ്മയെ അനുസ്മരിക്കുക, അവളോടു പറ്റിച്ചേർന്നു നില്ക്കുക. അതിനുള്ള ഭാഗ്യമില്ലാത്തവർ അനേകരുണ്ട്. ഓർക്കണം, അമ്മ അവഗണിക്കപ്പെടുന്ന കുടുംബത്തിൽനിന്ന് അനർഥങ്ങൾ അകലില്ല. മാതൃസ്മൃതികൾ മുഴങ്ങിനില്ക്കുന്ന 'എന്നമ്മയെ ഓർക്കുമ്പോൾ മാതാവേ..." എന്ന പാട്ട് സന്ധ്യാപ്രാർഥനയിൽ ഒരുമിച്ചുപാടുന്നത് ഒത്തിരി ഉചിതമായിരിക്കും.

*'നൊന്തുപെറ്റ അമ്മയെ മറക്കരുത്.' (പ്രഭാ. 7:27).*

---




ജോഷി മുഞ്ഞനാട്ട്

# ചതുരപ്പുളി

**കേ**രളത്തിലെ ഒട്ടുമിക്ക പ്രദേശങ്ങളിലും കാണുന്ന പഴവർഗമാണ് ചതുരപ്പുളി. ഇവ സോഡാപ്പുളി, വൈരപ്പുളി, സ്റ്റാർഫ്രൂട്ട് തുടങ്ങി പല പേരുകളിൽ അറിയപ്പെടുന്നു.

വൈറ്റമിൻ സി, പൊട്ടാസ്യം, നാര്, ആന്റി ഓക്സിഡന്റുകൾ എന്നിവയുടെ കലവറയാണിവ. കാൽസ്യം, ഇരുമ്പ്, ഫോസ്ഫറസ്, മഗ്നീഷ്യം എന്നീ ധാതുലവണങ്ങളും ധാരാളം ഇതിൽ അടങ്ങിയിരിക്കുന്നു. മാംസളമായ ഈ ഫലം ശരിയായ രീതിയിൽ സംസ്കരിച്ചു സൂക്ഷിച്ചാൽ ഒരു വർഷംവരെ ഉപയോഗിക്കാവുന്നതാണ്. വൈറ്റമിൻ സി ധാരാളം അടങ്ങിയിട്ടുള്ളതിനാൽ ഈ പഴം രോഗപ്രതിരോധശേഷി വർധിപ്പിക്കുവാൻ സഹായിക്കുന്നു. വൃക്കസംബന്ധമായ രോഗങ്ങൾ ഉള്ളവർക്ക് ഈ പഴം അത്ര നല്ലതല്ല എന്നാണു പൊതുവേയുള്ള അഭിപ്രായം.

ചതുരപ്പുളിയുടെ ശാസ്ത്രീയ നാമം 'അവെറോവ കാരംബോള' എന്നാണ്. ശ്രീലങ്കയും ഇന്തോനേഷ്യയും ഈ ഫലത്തിന്റെ



മാതൃരാജ്യങ്ങളായി കരുതിപ്പോരുന്നു. പച്ചയായിരിക്കുമ്പോൾ നല്ല പുളിരസവും പഴുത്താൽ പുളിപ്പു കലർന്ന മധുരവുമാണ്.

നാട്ടിൻപുറങ്ങളിലും മറ്റും പഴയകാലങ്ങളിൽ ധാരാളമായി കണ്ടിരുന്നുവെങ്കിലും ഇന്ന് ഇവ അത്ര സുലഭമല്ല. പല വിഭവങ്ങളും ഇവ ഉപയോഗിച്ചു തയ്യാറാക്കാറുണ്ട്. തയ്യാറാക്കിയ കുഴികളിൽ അടിവളമായി ചാണകപ്പൊടി, കമ്പോസ്റ്റ് എന്നിവ ചേർത്ത് തൈ നടാം. നട്ടശേഷം നനച്ചുകൊടുക്കണം. നന്നായി പരിപാലിച്ചാൽ ഇവയിൽനിന്നു നല്ല തോതിൽ ഫലം കിട്ടുകയും ചെയ്യും.

വാളൻപുളിക്കും മറ്റും പകരമായി കറികളിൽ ഇവ ഉപയോഗിക്കാറുണ്ട്. ഇതിന്റെ പഴങ്ങൾ ജാം, ജെല്ലി, വിവിധതരം അച്ചാറുകൾ എന്നിവ ഉണ്ടാക്കാനും ഉപയോഗിച്ചുവരുന്നു.

ഓക്സാലിഡേസി കുടുംബത്തിലെ അംഗമായ ഇതിനെ ഉത്തരേന്ത്യയിൽ 'കാരഖ്' എന്നാണു വിളിക്കുന്നത്. ഇതിന് പ്രത്യേകിച്ച് അംഗീകൃതയിനങ്ങൾ ഇല്ലായെങ്കിലും രണ്ടിനം പഴങ്ങൾ കാണുന്നു; മധുരമുള്ളതും പുളിപ്പുള്ളതും. വീട്ടുവളപ്പിൽ അടുക്കളഭാഗത്തു സൗകര്യപ്രദമായി ഒരു ചതുരപ്പുളി നട്ടാൽ പുളിക്കു പകരമായി ഉപയോഗിക്കാവുന്നതാണ്. ■

# പിടയുന്ന പ്രാണൻ... കരയുന്ന ഭൂമി...

## ഈ യുദ്ധത്തിന് അറുതിയില്ലേ?



തോമസ് കുഴിഞ്ഞാലിൽ

ഇസ്രയേലിൽനിന്നു തൊടുത്തുവിടുന്ന ആയിരക്കണക്കിനു മിസൈലുകൾ ഗാസയിൽ തീമഴപോലെ വീഴുന്ന ദൃശ്യങ്ങൾ ഹൃദയവ്യഥയോടെ മാത്രമേ കാണാൻ കഴിയുന്നുള്ളൂ.

ഏറ്റവും ശക്തിയേറിയ ഒരു ഭൂകമ്പത്തിൽ തകർന്നടിഞ്ഞ നഗരംപോലെ ഗാസയെന്ന പ്രദേശം മുഴുവൻ നിലംപരിശായിരിക്കുന്നു.

നൂറുകണക്കായ കെട്ടിടങ്ങൾക്കടിയിൽ എത്രയോ ജീവനുകൾ അവശേഷിക്കുന്നുണ്ടാകും! നിരപരാധരായ കുട്ടികളുടെയും അമ്മമാരുടെയും വയോധികരുടെയും ദീനരോദനങ്ങളാണ് എവിടെയും.

"കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽനിന്നും നിലവിളികളും കരച്ചിലും കേൾക്കുന്നുണ്ടെങ്കിലും അടുത്തെത്താൻ കഴിയാത്തത് ഞങ്ങളുടെ ഹൃദയത്തെ വല്ലാതെ വേദനിപ്പിക്കുന്നുണ്ട്." അബു ഐഷു എന്ന രക്ഷാപ്രവർത്തകന്റെ വാക്കുകളാണിവ. മൺവെട്ടിയും കമ്പിപ്പാരയുമുപയോഗിച്ച് ഏറെ നേരം പണിപ്പെട്ട് അടുത്തെത്തുമ്പോഴേക്കും അവിടെനിന്നും ഉയർന്നുവന്നിരുന്ന നിലവിളികളെല്ലാം നിലച്ചിരുന്നുവെന്നും അബു പറയുന്നു. എങ്കിലും, അബുവും സംഘവും കോൺക്രീറ്റുകൂമ്പാരങ്ങളിൽ കുടുങ്ങിക്കിടക്കുന്ന ആയിരങ്ങൾക്കുവേണ്ടിയുള്ള തിരച്ചിൽ ഇപ്പോഴും തുടരുന്നു. അവശിഷ്ടങ്ങൾക്കിടയിൽനിന്ന് മൂന്നു വയസ്സുള്ള ഒരു പിഞ്ചുകുഞ്ഞിനെ രക്ഷിക്കാനായതിന്റെ ആശ്വാസവും അബു മാധ്യമങ്ങളുമായി പങ്കുവച്ചു. കൈക്കുഞ്ഞിനെ ചേർത്തുപിടിച്ച് മരണത്തിനു കീഴടങ്ങിയ ഒരമ്മയെ കാണാനിടയായ ഹൃദയഭേദകമായ അനുഭവവും അദ്ദേഹം ഓർത്തെടുത്തു.

**യുദ്ധം ഭീകരതയ്ക്കെതിരേ**

സാബത്തുദിവസമായ ഒക്ടോബർ 7-ാം തീയതി ശനിയാഴ്ച രാവിലെ അതിർത്തിവേലികൾ ഭേദിച്ച് ഹമാസ് ഭീകരർ ഇസ്രയേലിൽ നടത്തിയ നരഹത്യ സമാനതകളില്ലാത്തതാണ്.

കുട്ടികളും സ്ത്രീകളും ഉൾപ്പെടെയുള്ള നിരായുധരായ 1,400 ഇസ്രയേലികളെയാണ് 24 മണിക്കൂറിനുള്ളിൽ അവർ കൊലപ്പെടുത്തിയത്. പലരും ഉറക്കത്തിൽനിന്ന് ഉണർന്നുവരുന്നതേ ഉണ്ടായിരുന്നുള്ളൂ. നാല്പതോളം കുട്ടികളുടെ മൃതശരീരങ്ങൾ തല അറുത്തെടുത്ത നിലയിലായിരുന്നുവെന്ന വാർത്ത ലോകമനഃസാക്ഷിയെ ഞെട്ടിച്ചു. ഏതാനും കുടുംബങ്ങളിലെ മുഴുവനാളുകളെയും വെടിവച്ചും തല വെട്ടിയും കൊന്നുവെന്നു കണ്ടെത്തിയതായി സൈനികർ തന്നോടു പറഞ്ഞിരുന്നുവെന്ന് 24 ന്യൂസ് ചാനലിന്റെ റിപ്പോർട്ടർ നിക്കോൾ സെഡെറ്റി വെളിപ്പെടുത്തി. കൈകൾ പിറകോട്ടുകെട്ടിയ നിലയിൽ കാണാൻ കഴിഞ്ഞ പല മൃതദേഹങ്ങളിലും ശരീരമാസകലം വെടിയുണ്ടകളേറ്റിരുന്നതായും, ഏതാനും ചിലത് ശിരസ്സറ്റ നിലയിലായിരുന്നുവെന്നുമാണ് സിഎൻ എന്നിന്റെ നിക് റോബർട്സന്റെ റിപ്പോർട്ട്. അതിർത്തിപ്പട്ടണമായ റെയിമിൽ നടന്നുവന്ന



'സൂപ്പർനോവ' സംഗീതനിശയിൽ ഇരച്ചുകയറിയ ഹമാസ് ഭീകരർ 260 നിരപരാധികളെയാണ് നിമിഷനേരത്തിനുള്ളിൽ കാലപുരിക്കയച്ചത്. മ്യൂസിക് ഫെസ്റ്റിവലിൽ പങ്കെടുത്തിരുന്ന 4,000 പേരും 30 വയസ്സിൽ താഴെ പ്രായമുള്ള ചെറുപ്പക്കാരായിരുന്നു. എ. കെ. 47 തോക്കുകളും തോളിൽ വഹിക്കാവുന്ന സ്റ്റിംഗർ മിസൈലുകളും ഉപയോഗിച്ചായിരുന്നു മിന്നലാക്രമണം. പരിപാടികൾ സംഘടിപ്പിച്ച ഹാളിനു പുറത്ത് സുരക്ഷയ്ക്കായി നിയോഗിച്ചിരുന്ന സൈനികരിൽ ഏതാനുംപേരെ വധിക്കുകയും ചിലരെ ബന്ദികളാക്കി ഗാസയിലേക്കു കൊണ്ടുപോവുകയും ചെയ്തു. സൈനികരും സാധാരണക്കാരുമടക്കം 229 പേരെയാണ് ഭീകരർ ബന്ദികളാക്കിയതെന്നാണ് ഏകദേശകണക്ക്.

കിരാതമായ ആക്രമണവാർത്ത അറിഞ്ഞയുടൻ ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ഹമാസ്ഭീകരർക്കെതിരേ യുദ്ധം പ്രഖ്യാപിക്കുകയായിരുന്നു. പ്രതിപക്ഷത്തെക്കൂടി ഉൾപ്പെടുത്തി മന്ത്രിസഭ വിപുലീകരിച്ചുകൊണ്ടായിരുന്നു പിന്നീടുള്ള നടപടികൾ. പ്രത്യാക്രമണത്തിനു മുന്നോടിയായി അതിർത്തിപ്പട്ടണങ്ങളിലെ ജനങ്ങളെ മാറ്റിപ്പാർപ്പിക്കുകയും മൂന്നു ലക്ഷം സൈനികരെ കരയുദ്ധത്തിനു നിയോഗിക്കുകയും ചെയ്തു. 2001 സെപ്റ്റംബർ 11 ന് ന്യൂയോർക്കിലെ വേൾഡ് ട്രേഡ് സെന്റർ തകർത്ത ഭീകരാക്രമണത്തിനു പിന്നാലെ അമേരിക്ക തുടങ്ങിവച്ച 'ഭീകരതയ്ക്കെതിരെയുള്ള പോരാട്ട'ത്തിനു നടത്തിയ തയ്യാറെടുപ്പിനു തുല്യമാണിത്.

**ഗാസയ്ക്കടിയിൽ തുരങ്കനഗരം**

365 ചതുരശ്ര കിലോമീറ്റർ മാത്രം വിസ്തൃതിയുള്ള ഒരു ചെറിയ ഭൂപ്രദേശത്തിനു കീഴെ 500 കിലോമീറ്റർ നീളത്തിൽ നിർമിച്ചിട്ടുള്ള തുരങ്കശൃംഖലയാണ് ഹമാസിന്റെ തുറുപ്പുചീട്ട്. എട്ടുകാലിവലയ്ക്കു സമാനമായ തുരങ്കവഴികൾ ആയുധക്കടത്തിനും പോരാട്ടത്തിനുമാണ് ഭീകരർ ഉപയോഗിച്ചുവരുന്നത്. തങ്ങളെ തേടിവരുന്ന ശത്രുവിനായി സ്ഫോടകവസ്തുക്കൾ ഒളിപ്പിച്ചുവച്ച കെണികളാണ് ഓരോ തുരങ്കവും. ഈ തുരങ്കങ്ങളിൽ പാർപ്പിച്ചിരിക്കുന്ന ബന്ദികളുടെ സുരക്ഷ ഉറപ്പാക്കിയുള്ള ഇസ്രയേലിന്റെ പോരാട്ടം വിജയിക്കുക എളുപ്പമല്ലെന്നാണ് വിലയിരുത്തൽ. തുരങ്കങ്ങൾ കേടുകൂടാതെ ഇരിക്കുന്നിടത്തോളം കാലം ഹമാസ് നേതൃത്വത്തെ തൊടാനാകില്ലെന്ന് ഇസ്രയേൽ സൈനികനേതൃത്വവും മനസ്സിലാക്കിയിട്ടുള്ളതാണ്. ഭീകരർ മോചിപ്പിച്ച നാലു ബന്ദികളെയും ഭൂഗർഭതുരങ്കങ്ങളിലായിരുന്നു പാർപ്പിച്ചിരുന്നത്. ഇത്തരം ടണലുകൾ മുഴുവൻ തകർത്താലേ ഹമാസിന്റെ അടിവേരുകൾവരെ നശിപ്പിക്കാൻ കഴിയൂ എന്ന തിരിച്ചറിവാണ് കരയാക്രമണം അനിവാര്യമാക്കിയത്. തുരങ്കത്തിൽ സൂക്ഷിച്ചിരിക്കുന്ന ആയുധങ്ങൾ നശിപ്പിക്കാനും ഒളിച്ചിരിക്കുന്ന ഭീകരരെ തുരത്താനും ബന്ദികളെ മോചിപ്പിക്കാനും മറ്റൊരു മാർഗവുമില്ലായിരുന്നു.




ആയുധപരിശീലനം ലഭിച്ച 40,000 പേർ ഗാസയിലുണ്ടാകുമെന്നാണു കണക്കാക്കിയിട്ടുള്ളത്. മൂന്നു ലക്ഷത്തിലധികമുള്ള ഇസ്രയേൽ സൈന്യവുമായി താരതമ്യം ചെയ്യുമ്പോൾ ചെറിയ സംഖ്യയായി തോന്നാമെങ്കിലും ഗാസയുടെ മുക്കും മൂലയും അറിയാവുന്ന ഹമാസ്ഭീകരരുടെ ഗൊറില്ലാ യുദ്ധമുറകൾ ഇസ്രയേൽ സൈന്യത്തിനു വെല്ലുവിളിയാണ്. തെരുവുമൂലകളിലും കെട്ടിടങ്ങളിലും ഒളിച്ചിരിക്കുന്ന ഭീകരരുടെ കൈവശം ഇറാൻ നിർമിത ഫതഹ് 110 മിസൈലുകളും ടാങ്കുവേധമിസൈലുകളുമുണ്ട്. മെഷീൻഗണ്ണുകളും റോക്കറ്റുകളും മോർട്ടാറുകളും ചെറുപീരങ്കികളും അവരുടെ ആയുധശേഖരത്തിൽപ്പെടും. തന്നെയുമല്ല, നഗരത്തെരുവുകളിൽ കുഴിച്ചിട്ടിരിക്കാൻ സാധ്യതയുള്ള കുഴിബോംബുകളെയും ഭയക്കണം.

**ഭക്ഷണവും വെള്ളവും വെളിച്ചവുമില്ലാതെ...**

കരയുദ്ധം തുടങ്ങുന്നതിനുള്ള പ്രാരംഭനടപടിയായി വടക്കൻ ഗാസയിൽനിന്ന് അടിയന്തരമായി ഒഴിയണമെന്ന ഇസ്രയേലിന്റെ അന്ത്യശാസനം ജനങ്ങൾക്ക് ഇരട്ടപ്രഹരമായി. ഏറ്റുമുട്ടൽ തുടങ്ങിയതുമുതൽ മുനമ്പിലേക്കുള്ള കുടിവെള്ളം നല്കാതിരിക്കുകയും വൈദ്യുതി വിച്ഛേദിക്കുകയും ചെയ്തിരുന്നു. ഇന്റർനെറ്റുബന്ധം വിച്ഛേദിച്ചതിനാൽ ഉറ്റവരെവിടെയെന്നു തിരക്കാനോ പുറംലോകവുമായി ബന്ധപ്പെടാനോ യാതൊരു വഴിയുമില്ലാതെയായി. കൈയിൽകിട്ടിയതുമെടുത്തു കൂട്ടത്തോടെ പലായനം ചെയ്യുകയേ മാർഗമുണ്ടായിരുന്നുള്ളൂ. കാറുകളിലും ട്രക്കുകളിലുമായിരുന്നു മിക്കവരും വീടൊഴിഞ്ഞുപോയത്. വീട്ടുസാധനങ്ങൾ കഴുതപ്പുറത്തു കെട്ടിവച്ചു നടന്നുപോയവരുമുണ്ട്. എന്നാൽ, ഒഴിഞ്ഞുപോയവർക്കു നേരേയും മിസൈൽ ആക്രമണം തുടർന്നത് ഭീതി വിതച്ചിരുന്നു. ഗാസാനഗരത്തിലെ ആശുപത്രിക്കു നേരേ നടന്ന റോക്കറ്റാക്രമണങ്ങളിൽ 28 ആരോഗ്യപ്രവർത്തകരാണു കൊല്ലപ്പെട്ടത്. നഗരത്തിലെ ഏറ്റവും വലിയ ആശുപത്രിയായ അൽ ഷിഫയിൽ മിസൈൽ പതിച്ചു നൂറുകണക്കിനാളുകൾക്കും ജീവൻ നഷ്ടപ്പെട്ടതായി വാർത്തയുണ്ടായിരുന്നു. പലായനം ചെയ്തവരിൽ അനേകംപേർ അഭയംതേടിയിരുന്ന ഗാസാ സിറ്റിയിലെ വിശുദ്ധ പോർഫീറിയൂസ് ഓർത്തഡോക്സ് പള്ളിയിലും റോക്കറ്റാക്രമണമുണ്ടായി. എ ഡി 1150 നും 1160 നും ഇടയിൽ നിർമിക്കപ്പെട്ട പള്ളിയുടെ ഒരു ഭാഗം തകർന്നുവീഴുകയായിരുന്നു. വടക്കൻ ഗാസയിൽനിന്നു പലായനം ചെയ്ത് തെക്കൻ ഗാസയുടെ ഈജിപ്ഷ്യൻ അതിർത്തിയിലെ റഫാ കവാടത്തിലെത്തിയ 10 ലക്ഷത്തിലധികം വരുന്ന നിരാലംബരായ പലസ്തീനികൾ വെള്ളത്തിനും ഭക്ഷണത്തിനുമായി കാത്തുനില്ക്കുന്നു. 23 ലക്ഷമാണ് ഗാസയിലെ ആകെ ജനസംഖ്യ.

ഇതിനിടെ, കെയ്റോയിൽ വിളിച്ചുചേർത്ത സമാധാന ഉച്ചകോടി ഇരുപക്ഷവും വെടിനിർത്തൽ പ്രഖ്യാപിച്ചു സമാധാനചർച്ചകൾക്കു തയ്യാറാകണമെന്ന അഭ്യർഥന നടത്തി. ഉച്ചകോടിയിൽ മുഖ്യപ്രഭാഷണം നടത്തിയ യു എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറെസ് ഇപ്രകാരം പറഞ്ഞു: "റഫായിലേത് ഹൃദയഭേദകമായ കാഴ്ചയാണ്. നിറയെ ഭക്ഷണവും വെള്ളവും നിറച്ച ട്രക്കുകൾ ഒരുവശത്ത്, ഒഴിഞ്ഞ വയറുകൾ മറുവശത്ത്. ഇസ്രയേൽജനതയുടെ നേർക്ക് ഹമാസ് നടത്തിയ ആക്രമണത്തിന് ഒരു ന്യായീകരണവുമില്ല. പക്ഷേ, ഇതിനു മറുപടിയായി പലസ്തീൻ ജനതയെ കൂട്ടത്തോടെ ശിക്ഷിക്കുന്നതിനും ന്യായീകരണമില്ല.

"വെടിനിറുത്തൽ അനിവാര്യമാണ്. മേഖലയിൽ സമാധാനത്തിനും സുസ്ഥിതിക്കുമുള്ള ഏക പോംവഴി ദ്വിരാഷ്ട്രഫോർമുലയാണ്. ഇസ്രയേൽജനതയ്ക്ക് സുരക്ഷ ഉറപ്പാക്കണം, പലസ്തീൻ ജനതയ്ക്ക് സ്വതന്ത്രരാജ്യവും. രണ്ടു രാജ്യങ്ങളിലെയും കുഞ്ഞുങ്ങൾ സ്വപ്നം കാണുന്ന ഭാവി യാഥാർഥ്യമാക്കാനുള്ള ഇടപെടലിനുള്ള സമയമാണിത്."

■

Deepanalam Weekly

RNI No : 16998/68
Vol. 56 No. 35 Date of Publication 2 Nov 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

- PR WITHIN ONE YEAR*
- ASSISTANCE THROUGHOUT THE PROCESS.

UK IS CALLING
- WORLDCLASS UNIVERSITIES
- ATTRACTIVE SCHOLARSHIPS
- IELTS NOT REQUIRED

STUDY IN CANADA





STUDY FOR FREE IN GERMANY WITH STIPEND

- CERTIFIED AGENTS
- 100% TRUSTWORTHY

EMPOWER YOUR LANGUAGE
WITH OUR AWARD WINNING SERVICES AND WORLD CLASS FACULTY.

IELTS, OET, GERMAN PTE & more...
OFFICIAL IDP & PEARSON PARTNER

Elizabeth International Since 2001
ELIZABETH INTERNATIONAL
Mareena Towers, Kattakayam road
Pala, Kottayam - 686575

04822-213986, 94470 37591
79949 44131
elizabethinternationalpala@gmail.com
www.elizabethinternational.in

S.H.സ്കൂൾ ഓഫ് മെഡിക്കൽ സയൻസ്

H.O. നാഗമ്പടം
ബസ് സ്റ്റാന്റിനു സമീപം,
കോട്ടയം

PH: 99462 999 68
99462 999 78

ബ്രാഞ്ച് : സിവിൽസ്റ്റേഷന് എതിർവശം,
ചെറുപുഷ്പം ടവർ &
സെന്റ് മേരീസ് കോളജ് ബിൽഡിംഗ്, പാലാ

എളുപ്പം ജോലി ലഭിക്കാൻ പാരാമെഡിക്കൽ ഡിപ്ലോമാ, ഡിഗ്രി കോഴ്സുകൾ

LAB, X-Ray,
CT, MRI, ANM,
Ayurveda nursing
Radiology

DMLT, BVoc MLT,
BSc RIT, BSc MLT,
DRIT, BVoc RIT

GDA COURSE (Care Giver Course - 3 Months) കേരളസർക്കാർ ASAP ▪ Paliative Care (MG University)

ഹോസ്റ്റൽ സൗകര്യം, ബസ് കൺസഷൻ, യൂണിഫോം, കുറഞ്ഞ ഫീസ് & Excellent Coaching

പ്രമുഖ ഹോസ്പിറ്റലുകളിലും
മെഡിക്കൽ കോളേജുകളിലും
സ്കാനിംഗ് സെന്ററുകളിലും
ലാബുകളിലും പരിശീലനം

അഡ്മിഷൻ തുടരുന്നു

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിരോരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ - റെക്ടൽ രോഗങ്ങൾ)
- ത്വക്രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org